കീഴല്ലൂർ ഗ്രാമപഞ്ചായത്ത്

# കരട് ബഡ്ജറ്റ്

# 2024-25

അവതരണം:

കെ അനിൽ കുമാർ

(വൈസ് പ്രസിഡണ്ട് & ചെയർമാൻ

ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി)

# ആമുഖം

കേരളത്തിലെ ജനകീയാസൂത്രണ പ്രസ്ഥാനം രജതജൂബിലി പിന്നിട്ടിരിക്കുകയാണ്. രണ്ടര ദശാബ്ദം പിന്നിടുന്ന പ്രസ്ഥാനം തളരുകയല്ല മറിച്ച് കൂടുതൽ പ്രസക്തമാവുകയും വളരുകയുമാണ് എന്നു വിമർശകര് പോലും സമ്മതിക്കും.

കേരളത്തിന്റെ ബൃഹത്തായ ജനാധിപത്യവൽക്കരണ പ്രക്രിയയുടെ തുടർച്ചയെയാണ് ജനകീയാസൂത്രണം അടയാളപ്പെടുത്തുന്നത്. പ്രസിദ്ധമായ കേരള വികസന മാതൃകയുടെ അടിസ്ഥാനം സംസ്ഥാനത്തെ ജനങ്ങളുടെ കൂട്ടായ ഇടപെടലിന്റെ പാരമ്പര്യമാണ് എന്ന കാര്യം സുവിദിതമാണ്. കേരളീയർ തങ്ങളുടെ ഭാവിയെ വിധിക്കോ കമ്പോളത്തിനോ പൂർണ്ണമായി വിട്ടുകൊടുക്കാന് തയ്യാറാവാത്തവരാണ്. കൂട്ടായ ഇടപെടലിലൂടെ തങ്ങളുടെ ഭാവിയെ കെട്ടിപ്പടുക്കാനാണ് കേരള ജനത എല്ലാ പരിമിതികൾക്കും ഇടയില് പരിശ്രമിക്കുന്നത്. കൂട്ടായ ഇടപെടലിന്റെ തുടർച്ചയും ജനാധിപത്യത്തെ കൂടുതല് അർത്ഥവത്താക്കാനുള്ള പരിശ്രമവുമാണ് ജനകീയാസൂത്രണ പ്രസ്ഥാനത്തെ ഇതര പരീക്ഷണങ്ങളില് നിന്ന് വ്യത്യസ്തമാക്കുന്നതും വിജയിപ്പിക്കുന്നതും.

ആസൂത്രണത്തിന്റെ തുടർച്ചയും ജനാധിപത്യത്തോടുള്ള ഗ്രാമപഞ്ചായത്തിന്റെ പ്രതിബദ്ധതയും തമ്മിൽ ഇഴപിരിയാത്ത ബന്ധമുണ്ട്. ആസൂത്രണം എന്നത് നാടിന്റെ വികസന മുൻഗണനകള് ജനാധിപത്യപരമായി തീരുമാനിക്കാനുള്ള ഒരു മാർഗ്ഗമാണ്. വികസന പ്രശ്നങ്ങളെ മുൻകൂട്ടി കണ്ട് വിശദമായ ചർച്ചയ്ക്കു വിധേയമാക്കി സുതാര്യമായി നടപ്പിലാക്കുന്ന രീതിയാണ് ആസൂത്രണത്തെ പ്രസക്തമാക്കുന്നത്.

കീഴല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2024/25 സാമ്പത്തീക വർഷത്തേക്കുള്ള പ്രതീക്ഷിത വരവ് ചെലവ് കണക്കുകളാണ് ഈ ബജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്.ആവശ്യങ്ങളുടെ ബാഹുല്യം പരിഗണിക്കുമ്പോൾ വിഭവങ്ങൾ പരിമിതമാണെങ്കിലും സാമൂഹ്യനീതിയിലധിഷ്ഠിതമായ സാമ്പത്തീക വികസനം എന്ന ലക്ഷ്യസാക്ഷാത്കാരത്തോടൊപ്പം തന്നെ ഗ്രാമപഞ്ചായത്തിന്റെ അനിവാര്യവും പൊതുവായതുമായ ചുമതലകൾ ഫലപ്രദമായി നിറവേറ്റുന്നതിനുള്ള ബജറ്റ് രൂപീകരണത്തിനാണ് പ്രാമുഖ്യ നൽകിയിട്ടുള്ളത്.

സംസ്ഥാന ബജറ്റ് വിഹിതവും കേന്ദ്രസർക്കാർ അനുവദിക്കുന്ന ധനകാര്യകമ്മീഷൻ ഗ്രാന്റും മെയിന്റൻസ് ഗ്രാന്റും ഉൾപ്പെടെയുള്ള വിഹിതങ്ങൾ സർക്കാർ നിബന്ധനകൾക്ക് ഉള്ളിൽ നിന്ന് തന്നെ ചെലവഴിക്കേണ്ടതുണ്ട്. എന്നിരുന്നാലും ഇവയുടെ നീതിയുക്തവും ഫലപ്രദവുമായ വിനിയോഗത്തിന് വഴിയൊരുക്കുന്നതിനുള്ള മാർഗനിർദ്ദേശങ്ങളുടെ പൂർത്തീകരണമായി ഈ ബജറ്റ് തയ്യാറാക്കിയിരിക്കുന്നു.

അടിസ്ഥാനപരമായി കാർഷിക മേഖലയെ ആശ്രയിക്കുന്ന ജനങ്ങൾ കൂടുതലായി അധിവസിക്കുന്ന കീഴല്ലൂർ ഗ്രാമപഞ്ചായത്ത് അതിന്റെ വികസന സ്വപ്നങ്ങളിൽ കാർഷികമേഖലക്ക് പ്രാഥമിക പരിഗണന നൽകുന്നതിന് പ്രതിജ്ഞാബദ്ധരാണ്.പദ്ധതി വിഹിതത്തിന്റെ മുപ്പത് ശതമാനത്തിലധികം തുക കാർഷികമേഖലക്ക് മാറ്റിവെക്കുന്ന കീഴല്ലൂർ ഗ്രാമപഞ്ചായത്ത് ഭക്ഷ്യ സ്വയംപരാപ്തയിലേക്ക് ഒരു ചുവട് കൂടി മുന്നേറും എന്നതിന് കാർഷിക മേഖലയിൽ രൂപീകരിക്കുന്ന പദ്ധതികൾ നേർ സാക്ഷ്യങ്ങളാണ് .

ക്ഷീരവികസനത്തിനും മൃഗസംരക്ഷണ മേഖലയിലും കൂടുതൽ ശ്രദ്ധ പതിപ്പിക്കുന്നതിലൂടെ അതത് മേഖലകളിലെ ആധുനീക സങ്കേതങ്ങൾ ഉപയോഗിച്ച് കൊണ്ട് ഉല്പാദന ക്ഷമത വർദ്ധിപ്പിക്കുന്നതിന് പൊതുജനങ്ങളെ പ്രാപ്തരാക്കുന്നതിനും ബജറ്റ് വിഭാവനം ചെയ്യുന്നു.

ഓഫീസ് പ്രവർത്തനങ്ങൾക്കും അനിവാര്യ ചുമതലകൾക്കും വേണ്ടി വരുന്ന തുക വകയിരുത്തുന്നതിനോടൊപ്പം മാറി വരുന്ന സാഹചര്യങ്ങളിൽ ശുചിത്വത്തിനും കുടിവെള്ള ലഭ്യതക്കും മേഖലയിൽ ഗ്രാമപഞ്ചായത്ത് ഏറ്റെടുക്കേണ്ടതായി വരുന്ന പുതിയ ഉത്തരവാദിത്തങ്ങൾ അടിയന്തിര പ്രാധാന്യത്തോടെ ബജറ്റിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

മാലിന്യ സംസ്കരണം എന്നത് ആധുനീക സമൂഹം നേരിടുന്ന പ്രധാന വെല്ലുവിളി കളിൽ ഒന്നാണ്. പരിസ്ഥിതി സംരക്ഷണത്തിലും നമ്മുടെ ആരോഗ്യം നിലനിർത്തുന്നതിലും അവിഭാജ്യ പങ്ക് വഹിക്കുന്നതിനാൽ മാലിന്യ സംസ്കരണം നമ്മുടെ ജീവിതത്തിന്റെ അവിഭാജ്യ ഘടകമായി മാറണം.ഓരോ ദിവസവും ജനസംഖ്യ വർധിച്ചുവരുന്നു, മാലിന്യങ്ങൾ പരിധിയില്ലാതെ ഉത്പാദിപ്പിക്കപ്പെടുന്നു.അതിന്റെ അപകടകരമായ പ്രത്യാഘാതങ്ങളെക്കുറിച്ച് ബോധവാന്മാരല്ല,ഒന്നുകിൽ നമ്മൾ എല്ലാ മാലിന്യങ്ങളും ശരിയായ സംസ്കരണ രീതികളില്ലാത്ത സ്ഥലത്ത് വലിച്ചെറിയുകയോ കത്തിക്കുകയോ ചെയ്യുന്നു, ഇത് വായുവിലേക്ക് ദോഷകരമായ മലിനീകരണം പുറപ്പെടുവിക്കുന്നു.മാലിന്യ വസ്തുക്കൾ ശേഖരിക്കാനും വേർതിരിക്കാനും കൊണ്ടുപോകാനും സംസ്കരിക്കാനും ഫലപ്രദമായ മാർഗങ്ങൾ ആവശ്യമായി വരുന്നത്. അത്തരം പദ്ധതികൾ വാർഷിക പദ്ധതികളിൽ ഉൾപ്പെടുത്തി നടപ്പിൽ വരുത്തുന്നതിന് ഈ ബജറ്റ് വിഭാവനം ചെയ്യുന്നു.

സാമ്പത്തീക സ്വതന്ത്ര്യമാണ് സ്ത്രീ സ്വാതന്ത്രത്തിന്റെ അടിസ്ഥാനം എന്ന വസ്തുത ഉൾക്കൊണ്ട് വനിതകൾക്കായി വിവിധ തൊഴിൽ സംരംഭങ്ങൾ ബജറ്റ് മുന്നോട്ട് വെക്കുന്നു. അശരണർ, ആലംബഹീനർ, പാർശ്വവൽക്കരിക്കപ്പെട്ടവർ എന്നിവരെ ചേർത്ത് നിർത്തുന്ന തോടൊപ്പം വയോജനങ്ങൾ, ഭിന്നശേഷിക്കാർ എന്നിവരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് നയിക്കുന്നതിനാവശ്യമായ പദ്ധതികളും ബജറ്റ് മുന്നോട്ട് വെക്കുന്നു.

അങ്കണവാടി കുട്ടികൾ അഗതികൾ അതിദരിദ്യർ എന്നിവർക്ക് തണലേകുന്ന വിധത്തിലാണ് ഫണ്ട് വിനിയോഗം ഈ ബജറ്റിൽ ആവിഷ്കരിച്ചിരിക്കുന്നത്.

ഗ്രാമപഞ്ചായത്തിലെ ഭാവിയുടെ വാഗ്ദാനങ്ങളായ യുവാക്കളുടെ ഉന്നമനവും വിദ്യാർത്ഥികളുടെ സുരക്ഷയും പഠന സാഹചര്യങ്ങളും ഉയർന്ന നിലവാരത്തിൽ എത്തിക്കുക എന്നതും പഞ്ചായത്ത് ഒരു വെല്ലുവിളിയായി ഏറ്റെടുത്തിരിക്കുന്നു. ആരോഗ്യമുള്ള ശരീരത്തിലാണ് ആരോഗ്യമുള്ള മനസ്സ് കുടികൊള്ളുന്നത് എന്ന് തത്വം ഉൾക്കൊണ്ടുകൊണ്ട് യുവാക്കളുടെയും വിദ്യാർത്ഥികളുടെയും കായിക ആരോഗ്യം സംരക്ഷിക്കുന്നതിന് കലാ കായിക മേഖലയിൽ ഗ്രാമ പഞ്ചായത്ത് പദ്ധതികൾ ഏറ്റെടുക്കുന്നു യുവാക്കളുടെയും വിദ്യാർത്ഥികളുടെയും ലഹരിയുടെയും മറ്റ് സാമൂഹ്യ തിന്മകളുടെയും കരാളങ്ങളിൽ നിന്നും സംരക്ഷിച്ച നിർത്തുക എന്നതും ഈ ബജറ്റിന്റെ ലക്ഷ്യമാണ്.

ദീർഘകാല വികസന പരിപ്രേക്ഷ്യത്തിന് ആവശ്യമായിട്ടുള്ള അടിയന്തര പ്രധാന്യമുള്ള പ്രവർത്തനങ്ങളും നവീന ആശയങ്ങളും സമതുലിതമായി സംയോജിപ്പിച്ച് കൊണ്ടുള്ളതാണ് അടുത്ത സാമ്പത്തിക വർഷത്തേക്കുള്ള ഈ ബജറ്റ്. സാമ്പത്തികമായും സാമൂഹ്യമായും പിന്നോക്കം നിൽക്കുന്ന ഭവനത്തിലേക്ക് വികസനത്തിന്റെ ഗുണങ്ങൾ എത്തിക്കുകയും അവരെ പടിപടിയായി സ്വയം പര്യാപ്തതയിലേക്കും സാമ്പത്തിക ഭദ്രതയിലേക്കും സാമൂഹ്യ ഉന്നമനത്തിലേക്കും എത്തിക്കുക എന്നതാണ് യഥാർത്ഥ വികസനം എന്ന നയസമീപനം കീഴല്ലൂർ ഗ്രാമപഞ്ചായത്ത് ഉയർത്തിപ്പിടിക്കുന്നു.

കർമ്മനിരതരായ ജനപ്രതിനിധികളുടെയും സ്ഥിരോസാഹികളായ ജീവനക്കാരുടെയും ചിട്ടയായ പ്രവർത്തനങ്ങളും സാമ്പത്തിക അച്ചടക്കവും കൊണ്ട് പുരോഗതിയുടെ പാതകൾ താണ്ടി കൊണ്ടിരിക്കുന്ന കീഴല്ലൂർ പഞ്ചായത്തിന്റെ ഭാവി ഭാസുരമാക്കുന്നതിന് ഈ ബജറ്റ് നിദാനമാവട്ടെ. ആഗോളതലത്തിൽ അംഗീകരിക്കപ്പെട്ടിട്ടുള്ള സുസ്ഥിരവികസനലക്ഷ്യങ്ങളുടെ ചുവടുപിടിച്ച് ജനങ്ങളുടെ ഭാവിയും നാടിൻറെ ഉന്നതിയും ഉറപ്പുവരുത്തി മുന്നോട്ടു പോകുന്നതിനുള്ള ആശയങ്ങൾ ഈ ബജറ്റിലൂടെ സാക്ഷാത്കരിക്കട്ടെ എന്ന് ആശംസിക്കുന്നു.

വിശ്വസ്തതയോടെ

(ഒപ്പ്)
ശ്രീമതി കെ വി മിനി
പ്രസിഡണ്ട് കീഴല്ലൂർ ഗ്രാമപഞ്ചായത്ത്

08/02/2023

2021 ഡിസംബര് മാസം അധികാരത്തില് വന്ന ഈ ഭരണസമിതിയുടെ നാലാമത്തെ ബജറ്റാണ് ഞാൻ ഇന്നിവിടെ അവതരിപ്പിക്കുന്നത്.

ബജറ്റ് അവതരണത്തിന് ആമുഖഭാഷണം നടത്തിയ യോഗാദ്ധ്യക്ഷൻ കീഴല്ലൂർ ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് ശ്രീമതി കെ.വി മിനി, സ്റ്റാൻറിംഗ് കമ്മിറ്റി ചെയർമാൻമാർ, ചെയർപേഴസൺമാർ, ഗ്രാമപഞ്ചായത്ത് അംഗങ്ങൾ, ആസൂത്രണ സമിതി ഉപാധ്യക്ഷൻ, പഞ്ചായത്ത് സെക്രട്ടറി, ജീവനക്കാർ, മാധ്യമപ്രവർത്തകർ തുടങ്ങി എല്ലാവരെയും ഏറെ സ്നേഹത്തോടെ അതിലേറെ ബഹുമാനത്തോടെ 2024-25 സാമ്പത്തിക വർഷത്തിലേക്കുള്ള കരട് ബജറ്റിലേക്ക് സ്വാഗതം ചെയ്തുകൊണ്ട്  കരട് ബജറ്റ് പ്രസംഗത്തിലേക്ക് കടക്കട്ടെ.

ഗ്രാമപഞ്ചായത്തിന്റെ സമഗ്ര വികസനം ലക്ഷ്യമാക്കി കൊണ്ട് ത്രിതല പഞ്ചായത്തീരാജ് സ്ഥാപനങ്ങളെ സൌഹാർദ്ദപൂർവ്വം ബന്ധപ്പെടുത്തി കൊണ്ടുള്ള വികസന നയമാണ് ഞങ്ങൾ മുന്നോട്ട് വെക്കുന്നത്. വിഭവ സമാഹരണത്തിലും വിനിയോഗത്തിലും ഈ സമീപനം പാലിക്കാൻ ഞങ്ങൾ പരമാവധി ശ്രമിച്ചിട്ടുണ്ട്.

ഗ്രാമ ജില്ലാ പഞ്ചായത്തിന്റെ 2024-2025 വാർഷിക കാലയളവിലേക്ക് നടത്താനുദ്ദേശിക്കുന്ന വൈവിദ്ധ്യമാർന്ന വികസന സേവന ക്ഷേമ പ്രവർത്തനങ്ങളുടെയും തുടർച്ചയായി നിർവഹിച്ചു പോരുന്ന പദ്ധതിയേതര പ്രവർത്തനങ്ങളുടെയും വിവിധ വിഭവങ്ങളുടെ സമാഹരണത്തിന്റെയും ചെലവഴിക്കലിന്റെയും സമഗ്രരേഖയായാണ് ഈ ബഡ്ജറ്റ്.

വിഭവസമാഹരണത്തിൻറെ സാധ്യതകളെ പരമാവധി പ്രയോജന പ്പെടുത്തിയും കേന്ദ്രസംസ്ഥാന ഗവൺമെൻറുകളിൽ നിന്നും വിവിധ ഏജൻസികളിൽ നിന്നും ലഭിക്കുന്ന ധനസഹായവും പഞ്ചായത്തിൻറെ തനത് വരുമാനവും ഉപയോഗപ്പെടുത്തി ജനങ്ങളുടെ ക്ഷേമവും നാടിൻറെ പൊതു വികസനവും ലക്ഷ്യമിട്ടുകൊണ്ട് നമ്മുടെ വരുമാനത്തിൻറെ പരിധിക്കുള്ളിൽ നിന്നുള്ള കരട് ബജറ്റാണ് ഈ ഭരണസമിതി രൂപം കൊടുത്തതെന്ന് ബഹുമാനപുരസരം ഇവിടെ അറിയിക്കട്ടെ...

ആരോഗ്യ വിദ്യാഭ്യാസ, സാമൂഹ്യ സാംസ്കാരിക രംഗത്ത് നാം നേടിയെടുത്ത നേട്ടങ്ങളിൽ  നിർണ്ണായക സംഭാവന ചെയ്യാൻ നമ്മുടെ പഞ്ചായത്തിനും സാധിച്ചിട്ടുണ്ട്. വിവിധ മേഖലകളിൽ നിർബന്ധിത വകയിരുത്തലുകൾ ഉൾച്ചേർത്തുകൊണ്ടും മുൻകാലങ്ങളിൽ ഏറ്റെടുത്ത്

നടപ്പിലാക്കിവരുന്നതുമായ വികസന, ക്ഷേമ, സേവന പ്രവർത്തനങ്ങളുടെ തുടർച്ച എന്ന നിലയിലാണ് ഈ ബജറ്റിനെയും നോക്കി കാണേണ്ടത്.

കാർഷിക സംസ്കൃതി തിരിച്ച് പിടിച്ചും നാട്ടറിവുകളും ശാസ്ത്ര സാങ്കേതിക വിദ്യകളും ഉപയോഗപ്പെടുത്തിയും നമ്മുടെ കാർഷിക മേഖലയിൽ നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന പച്ചപ്പ് തിരിച്ചു പിടിച്ച് പുത്തൻ ഉണർവ്വ് നൽകുന്നതിനു വേണ്ടി കർഷകർക്ക് ആത്മവിശ്വാസം നൽകേണ്ടത് നമ്മുടെ ഉത്തരവാദിത്വമാണെന്ന് ഉൾക്കൊണ്ടുകൊണ്ട് ആ ലക്ഷ്യത്തിന് വേണ്ടിയുള്ള പ്രവർത്തനങ്ങൾക്ക് ശക്തി പകരാൻ നമ്മുടെ കാർഷിക വിജ്ഞാനത്തെയും കൃഷി രീതിയെയും പ്രോത്സാഹിപ്പിക്കുന്ന നയത്തിൻറെ തുടർച്ചയാണ് ഈ ബജറ്റിൽ വിഭാവനം ചെയ്യുന്നത്.

വികസനത്തിന് ഊന്നൽ നൽകിക്കൊണ്ടും പശ്ചാത്തലമേഖലയെ കൂടുതല് കാര്യക്ഷമമാക്കുന്നതിനും ഗുണനിലവാരം ഉറപ്പു വരുത്തുന്നതിനാ വശ്യമായ നിലപാടുകൾ നാം സ്വീകരിക്കേണ്ടതാണ്.

സമൂഹത്തിലെ പാർശ്വവത്കരിക്കപ്പെട്ട വിഭാഗക്കാർക്ക് പ്രഥമ പരിഗണന നൽകിക്കൊണ്ട് അവരെയും സമൂഹത്തിൻറെ മുഖ്യധാരയിലേക്ക് ഉയർത്തിക്കൊണ്ടുവരിക എന്നത് പ്രധാന ലക്ഷ്യമായി നാം കാണുകയാണ്. ജാതിയുടെയും മതത്തിൻറെയും കക്ഷിരാഷ്ട്രീയത്തിൻറെയും പ്രാദേശി കത്വത്തിൻറെയും അതിർവരമ്പുകളില്ലാതെ നമ്മുടെ ഗ്രാമപഞ്ചായത്തിൻറെ പൊതുവായ ക്ഷേമ, സേവന,വികസന പ്രവർത്തനങ്ങൾ ലക്ഷ്യമിട്ടുകൊണ്ടാണ് ബജറ്റിന് രൂപം കൊടുത്തിട്ടുള്ളത്. മാതൃകാപരവും നൂതനവുമായ വികസന ക്ഷേമപ്രവർത്തനങ്ങളുടെ ആശയരൂപീകരണത്തിന് പഞ്ചായത്തീരാജ് നിയമങ്ങളും ചട്ടങ്ങളും വാർഷിക പദ്ധതി മാർഗ്ഗനിർദ്ദേശങ്ങളും അനുസരിച്ചുള്ള നടപടി ക്രമങ്ങളിലൂടെയും ഗ്രാമപഞ്ചായത്തിൻറെ വികസന കുതിപ്പ് ആഗ്രഹിക്കുന്നവർ ഗ്രാമസഭകളിലും വർക്കിംഗ് ഗ്രൂപ്പുകളിലും ഉയർന്നുവന്ന നിർദ്ദേശങ്ങൾ ഉൾപ്പെടുത്തിക്കൊണ്ടാണ് നമ്മുടെ പദ്ധതികൾ തയ്യാറാക്കിയിട്ടുള്ളത്.

കണ്ണൂർ അന്താരാഷ്ട്രവിമാനത്താവളത്തിൽ നിന്നും വിമാനങ്ങളുടെ ചിറകടിശബ്ദം ഉയർന്നു തുടങ്ങിയതോടുകൂടി ലോക ഭൂപടത്തിൽ സ്ഥാനം പിടിച്ച പഞ്ചായത്താണ് നമ്മുടെ ഗ്രാമപഞ്ചായത്ത്. വിമാനത്താവളത്തിൻറെ സാധ്യതകളെ ഉപയോഗപ്പെടുത്തികൊണ്ട് വികസനത്തിൻറെ അത്യുന്നതങ്ങളിലേക്ക് പറന്നുയരാൻ പാകത്തിൽ നൂതനങ്ങളായ പദ്ധതികൾക്ക് നാം ഇനിയും രൂപം കൊടുക്കേണ്ടതുണ്ട്. നമ്മുടെ നാട്ടിലേക്ക്

നിക്ഷേപം നടത്താൻ വിദേശികൾക്ക് താത്പര്യം വരുത്തക്കരീതിയിലുള്ള പശ്ചാത്ത വികസനം ഒരുക്കേണ്ടത് അനിവാര്യമാണ്.

## കഴിഞ്ഞ വർഷങ്ങളിലെ പ്രവർത്തനങ്ങൾ

കഴിഞ്ഞ സാമ്പത്തിക വർഷം കാർഷികമേഖലയിൽ വിഷരഹിത പച്ചക്കറി എന്ന സ്വപ്നം സാക്ഷാത്കരിക്കുന്നതിലേക്കായി പഞ്ചായത്തിനകത്ത് 1080000 രൂപ ചെലവഴിച്ചുകൊണ്ട് 960പേർക്ക് പച്ചക്കറി തൈ ഉൾപ്പെടെയുള്ള മൺചട്ടി വിതരണം ചെയ്തത് വലിയ അംഗീകാരം കിട്ടിയ പദ്ധതിയാണ്.

കാലിത്തീറ്റയുടെ വിലവർദ്ധനവും തീറ്റപ്പുല്ലിൻറെ ലഭ്യത കുറവിൻറെയും ഫലമായി വലിയ പ്രയാസം അനുഭവിക്കുന്ന ക്ഷീരമേഖലയ്ക്ക് ആശ്വാസകരമായ പദ്ധതിയായിരുന്നു കറവപ്പശുക്കൾക്ക് കാലിത്തീറ്റ വിതരണം.

മാലിന്യ സംസ്കരണ രംഗത്ത് വീടുകളിലെ ജൈവമാലിന്യ സംസ്കരണം ലക്ഷ്യമാക്കിക്കൊണ്ട് ഈ ഭരണസമിതി അധികാരത്തിൽ വന്നതിനുശേഷം നടപ്പ് സാമ്പത്തിക വർഷം വിതരണം ചെയ്യുന്ന 712 യൂണിറ്റ് ഉൾപ്പെടെ ആകെ 1889 കുടുംബങ്ങൾക്ക് റിംഗ് കമ്പോസ്റ്റ് വിതരണം ചെയ്യാൻ സാധിച്ചിട്ടുണ്ട്.

## മുൻഗണനാ പട്ടിക

1. മനുഷ്യൻ ഒരിടത്ത് സ്ഥിരമായി താമസിക്കാൻ തുടങ്ങിയത് കൃഷി ആരംഭിച്ചതോടുകൂടിയാണ്. നമ്മുടെ ജീവിതത്തിന് ആവശ്യമായതെല്ലാം നാം നിറവേറ്റിയിരുന്നത് കൃഷിയിലൂടെയാണ്. കൃഷി നമുക്ക് ഉപജീവനമാർഗം മാത്രമായിരുന്നില്ല, സംസ്കാരവുമായിരുന്നു. നമ്മുടെ മണ്ണിനും കാലാവസ്ഥയ്ക്കും അനുസരിച്ചുള്ള കൃഷിരീതിയാണ് നമ്മുടെ നാട്ടിൽ നിലനിന്നിരുന്നത്. ഭക്ഷണം മാത്രമല്ല, കായികാധ്വാനത്തിലൂടെ ആരോഗ്യവും ആനന്ദവും കൃഷിയിൽ നിന്നും അവര് അനുഭവിച്ചു. വിളവെടുപ്പ് നാടിന്റെ ഉത്സവം തന്നെയായിരുന്നു. കാർഷികമേഖലയ്ക്ക് ഏറ്റവും അനുയോജ്യമായ ഒരു ഭൂപ്രകൃതിയാണ് നമ്മുടെ പഞ്ചായത്തിൻറേത്. പഞ്ചായത്തിനകത്ത് ഏകദേശം പത്തോളം പാടശേഖരങ്ങളിലായി നിരവധി വയലുകൾ നെൽകൃഷിക്കും പച്ചക്കറികൃഷിക്കും അനുയോജ്യമാണെങ്കിലും തൊഴിലാളികളുടെ ദൌർലഭ്യവും കാലാവസ്ഥ വ്യതിയാനവും വില

തകർച്ചയും, വിളവെടുക്കുന്ന കാർഷിക ഉല്പന്നങ്ങൾ ആധുനീകമായി സംരംഭിച്ച് വിതരണം ചെയ്യുന്നതിന് സാധിക്കാത്തതും, കാർഷിക മേഖലയെ ആകർഷകമല്ലാതാക്കി. നമ്മുടെ ഭക്ഷ്യസുരക്ഷ മുന്നില് കണ്ടും വിഷാംശം നിറഞ്ഞ രാസവളങ്ങളും കീടനാശിനികളും ഉപയോഗിച്ച് ഉല്പാദിപ്പിക്കുന്ന ഭക്ഷ്യപദാർത്ഥങ്ങളില് നിന്നും മോചനം ലഭിക്കുന്നതിനുവേണ്ടിയും നമ്മുടെ പച്ചപ്പ് നിറഞ്ഞ കാർഷിക മേഖലയെ നെഞ്ചോട് ചേർത്ത് സംരക്ഷിക്കേണ്ടത് നമ്മുടെ ഉത്തരവാദിത്വവും കർത്തവ്യവുമാണെന്ന് ഓർമിപ്പിക്കട്ടെ...

കീഴല്ലൂർ ഗ്രാമപഞ്ചായത്തിലെ പതിനാല് വാർഡുകളിൽ നിന്ന് തരിശായി കിടക്കുന്ന സ്ഥലങ്ങൾ കണ്ടെത്തി കാർഷിക കൂട്ടായ്മകൾ ഒരുക്കി ഓരോ പ്രദേശത്തേയ്ക്കും അവിടുത്തെ മണ്ണിനും കാലാവസ്ഥയ്ക്കും ഭൗതിക, സാമൂഹിക സാഹചര്യങ്ങൾക്കും അനുയോജ്യമായി പതിനാല് വിളകൾ ഗ്രാമപഞ്ചായത്ത് നേരിട്ട് പരീക്ഷണടിസ്ഥാനത്തിൽ ഉല്പാദിപ്പിക്കുകയും കീഴല്ലൂർ ബ്രാൻറ് എന്ന രീതിയിൽ വിഷരഹിത വിളകൾ പൊതുജനങ്ങൾ ലഭ്യമാക്കുകയും ചെയ്യുന്നതിന് <u>മധുര പതിനാല് – കാർഷിക സ്വയംപരാപ്ത ഗ്രാമം പദ്ധതി</u> നടപ്പിലാക്കുന്നതിന് <u>ഏഴ് ലക്ഷം രൂപ</u> വകയിരുത്തും

2. അയ്യായിരത്തിലധികം വർഷം പഴക്കമുള്ള ഒരു ധാന്യവിളയാണ് നെല്ല്. ലോകജനസംഖ്യയുടെ അറുപതു ശതമാനത്തിലധികം ആളുകളുടെയും മുഖ്യാഹാരം നെല്ലരിയാണ്. ഗോതമ്പും ചോളവുമെല്ലാം മനുഷ്യാഹാര ത്തിൽ മുഖ്യ പങ്കുവഹിക്കുന്നുണ്ടെങ്കിലും നെല്ലിനെപ്പോലെ ബഹുമുഖമായ സവിശേഷതകളുള്ള മറ്റൊരു ധാന്യവുമില്ല. വിവിധ സാഹചര്യങ്ങളിൽ വളരാനുള്ള കഴിവ്, ആകൃതിയിലും പ്രകൃതിയിലുമുള്ള വൈജാത്യം, ഇഷ്ടത്തി നൊത്ത ഇനങ്ങളുടെയും വൈവിധ്യമാർന്ന ഉപഭക്ഷ്യങ്ങളുടെയും ഉടമ സ്ഥാവകാശം എന്നിവയെല്ലാം നെല്ലിനു മാത്രമുള്ള പ്രത്യേകതകളാണ്. വൈവിധ്യമാർന്ന സാഹചര്യങ്ങളിലും വിവിധ തരം മണ്ണിലും, ഭിന്നരീതികളിലും കൃഷിചെയ്യാമെന്നുള്ളത് നെല്ലിൻറെ മാത്രം ഗുണവിശേഷമാണ്. നെൽകൃഷി പ്രോത്സാഹനം എന്ന നിലയിൽ നെല്ലിന് കൂലി ചെലവും സബ്സിഡിയും കർഷർക്ക് അനുവദിക്കുന്നതിന് <u>**സമഗ്ര നെൽകൃഷി വികസനം**</u> പദ്ധതി നടപ്പിലാക്കും. ആയതിന് <u>**മൂന്ന് ലക്ഷം** രൂപ</u> വകയിരുത്തും

3. ഏറെ മുതൽ മുടക്കില്ലാതെ തന്നെ നല്ല സമ്പാദ്യം ഉണ്ടാക്കാൻ കഴിയുന്ന വിളയാണ് കൂൺ. രുചിയുടെ കാര്യത്തില് മുൻപന്തിയിലുള്ള കൂണിന്റെ പോഷകഗുണങ്ങളും ഔഷധഗുണങ്ങളും ശ്രദ്ധേയമാണ്. ഏറെ പരിചരണമോ വളമോ നൽകേണ്ട ആവശ്യം വരുന്നില്ല. കൃഷി ചെയ്യാൻ മണ്ണ് പോലും ആവശ്യമില്ലെന്നത് മറ്റൊരു വസ്തുതയാണ്. കൂൺ കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് **കൂൺകൃഷി വികസനം** എന്ന പദ്ധതി നടപ്പിലാക്കുന്നതിലേക്കായി **അൻപതിനായിരം** രൂപ വകയിരുത്തുന്നു.

4. മനസ്സിൻറെ നന്മകളുടെ വിളവെടുപ്പ് ഉത്സവം എന്ന നിലയിൽ പഞ്ഞകർക്കടകത്തിൻറെ ദുഃഖങ്ങൾ പെരുമഴ പെയ്ത് മാഞ്ഞു പോയശേഷം വിരുന്നെത്തുന്ന പ്രതീക്ഷകളുടെ പുതുനാമ്പുകൾ പോലെ പൊന്നിൻ ചിങ്ങമാസത്തിൽ അത്തം മുതൽ തിരുവോണംവരെ മലയാളിയുടെ തിരുമുറ്റങ്ങളിൽ വർണ്ണപ്പൊലിമയാർന്ന് വിടർന്ന് വിലസുന്ന പൂക്കൾ ഹൃദ്യമായ കാഴ്ചയുടെ ഒരു നിദർശ്ശനമാണ്. ഓണത്തിന് പൂക്കൾ വിളവെടുക്കുന്നതിനും അതിന്റെ വിപണി സാധ്യതകൾ കണ്ടെത്തുന്നതിനും **ഓണത്തിന് ഒരു കൊട്ട പൂവ് പദ്ധതി നടപ്പിലാക്കും – പദ്ധതിക്കായി 99000** രൂപ വകയിരുത്തും.

5. സസ്യങ്ങളുടെ ഭക്ഷ്യയോഗ്യമായ കിഴങ്ങ്, തണ്ട്, ഇല, പൂവ്, കായ്, വിത്ത്, ഫലം എന്നിവയാണ് പച്ചക്കറികൾ. പച്ചക്കറികളിൽ ധാരാളം വിറ്റാമിനുകളും പ്രോട്ടീനുകളും ലവണങ്ങളും അടങ്ങിയിരിക്കുന്നു. മനുഷ്യരോ മറ്റ് മൃഗങ്ങളോ ആഹാരമായി ഉപയോഗിക്കുന്ന സസ്യങ്ങളുടെ ഭാഗങ്ങളാണ് പച്ചക്കറികൾ. പൂക്കൾ, പഴങ്ങൾ, തണ്ട്, ഇലകൾ, വേരുകൾ, വിത്തുകൾ എന്നിവയുൾപ്പെടെ ഭക്ഷ്യയോഗ്യമായ എല്ലാ സസ്യ വസ്തുക്കളെയും പരാമർശിക്കാൻ ഈ വാക്ക് ഇപ്പോഴും സാധാരണയായി ഉപയോഗിക്കപ്പെടുന്നു . മേൽത്തരം പച്ചക്കറികൾ ഉല്പാദിപ്പിച്ച് എടുക്കുന്നതിന് ഗുണമേന്മയുള്ള വിത്തിനങ്ങൾ കർഷകർക്ക് ലഭ്യമാവേണ്ടതുണ്ട് . അവ പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നതിന് **ഹൈബ്രിഡ് പച്ചക്കറി വിത്ത് വിതരണം പദ്ധതി നടപ്പിലാക്കും. പദ്ധതിക്കായി 75000** രൂപ വകയിരുത്തും.

6. കൃഷി ഒരു ജീവതോപാധി എന്നതിലുപരി മാനവ സംസ്കാരത്തിൻറെ അടിത്തറയാണ്. ജീവിതത്തിൻറെ സമസ്ത തല സ്പർശിയായ കൃഷിയും കാർഷി കമേഖലയും നമ്മുടെ സാമൂഹിക സാമ്പത്തിക പാരിസ്ഥിതിക മേഖലയാകെ സ്വാധീനിക്കുന്നുണ്ട്. ഇന്ന് കേരളത്തിലെ കാർഷിക രംഗം നേരിടുന്ന വെല്ലുവിളികൾ അനവധിയാണ്. അതിൽ പ്രധാനമാണ് കൃഷിഭൂമിയുടെ തുണ്ടുവത്കരണം . കൃഷി ലാഭകരമായ ഒന്നായി മാറ്റുന്നതിന് വിളകളുടെ ഉല്പാദന ക്ഷമത വർദ്ധിപ്പിക്കുന്നതിന് വിവിധങ്ങളായ പദ്ധതികൾ കൃഷിമേഖലയിൽ നടപ്പിലാക്കുക എന്ന ലക്ഷ്യമിട്ടുകൊണ്ട് **ജെ എൽ ജി ഗ്രൂപ്പിന് പച്ചക്കറി കൃഷിക്ക് കൂലിച്ചെലവ് സബ്സിഡി 75,000 രൂപയും തീറ്റപ്പുൽ കൃഷി പ്രോത്സാഹിപ്പിക്കുന്നതിലേക്കായി ഒരു ലക്ഷം രൂപയും വിഷരഹിത പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിലേക്കായി മൺചട്ടി വിതരണം ചെയ്യുന്നതിനായി 4 ലക്ഷം രൂപയും വകയിരുത്തുന്നു. ചെറുധാന്യകൃഷി നടപ്പിലാക്കുന്നതിലേക്കായി 50,000 രൂപ** വകയിരുത്തുന്നു.

7. നമ്മുടെ കാർഷിക സംസ്ക്കാരത്തിലേക്കും ,ഭക്ഷണ രീതികളിലേക്കും ഇപ്പോൾ നാം തിരിച്ചുപോയിക്കൊണ്ടിരിക്കുകയാണ് . മില്ലറ്റുകൾ അഥവാ ചെറു ധാന്യങ്ങൾ നമ്മുടെ പുതിയ ഭക്ഷണ സംസ്കാരത്തിൽ പ്രധാനിയായി മാറുന്നു. പ്രാചീന മനുഷ്യനെ കർഷകനാക്കിയതും , കാർഷിക വൃത്തിയിലേക്ക് മാറ്റിയതും ചെറു ധാന്യങ്ങളാണ്. നാടോടികളെപ്പോലെ നടന്നിരുന്ന അവർ കയ്യിൽ കിട്ടുന്ന വിത്തുകൾ വഴിയിടങ്ങളിൽ വാരി വിതറി പോവുന്നു പിന്നീട് ദിവസങ്ങൾ പലത് കഴിഞ്ഞ് തിരിച്ച് ആ വഴി വരുമ്പോൾ അവ വിളവെടുപ്പിന് പാകമായി മാറുന്നു . ഈ അനുഭവമാണ് പിന്നീട് ഒരിടത്ത് തന്നെ സ്ഥിരമായി നിൽക്കുവാനും കൃഷി ചെയ്യുവാനും പ്രാചീന മനുഷ്യനെ പ്രാപ്തനാക്കിയത്. ലോക വ്യാപകമായി കാലാവസ്ഥയിൽ വ്യതിയാനങ്ങൾ ഉണ്ടായികൊണ്ടിരിക്കുകയാണ്. അത്തരം അവസ്ഥയിൽ ഏതു കാലാവസ്ഥാ വ്യതിയാനത്തെയും വെല്ലുവിളിച്ച് വളരാനുള്ള കഴിവ് ചെറുധാന്യങ്ങളുടെ പ്രസക്തിയേറ്റുന്നു. ഇന്ത്യയുടെ ഭക്ഷ്യസുരക്ഷയ്ക്ക് മാത്രമല്ല, ലോകത്തിനാകെ ഭക്ഷ്യ സുരക്ഷയും പോഷകസമൃദ്ധിയും നൽകാൻ പോന്നവയാണ് കഴിഞ്ഞ കുറെ വർഷങ്ങളായി പാവപ്പെട്ടവരുടെ

ഭക്ഷണമായി പരിഗണിക്കപ്പെടുകയും ഇപ്പോൾ സൂപ്പർ ഫുഡ് ആയി മാറുകയും ചെയ്ത ചെറുധാന്യങ്ങൾ. കാഴ്ച്ചയിൽ കുഞ്ഞൻമാരാണെങ്കിലും പോഷക കാര്യത്തിൽ വലിയവർ തന്നെയാണിവർ. ചെറുധാന്യകൃഷി പ്രോത്സാഹിപ്പി ക്കുന്നതിന് – ചെറുധാന്യ കൃഷി വികസനം എന്ന പദ്ധതി നടപ്പിലാക്കും .

8. പ്രകൃതിയിൽ നിന്ന് മനുഷ്യനേയും മനുഷ്യനില് നിന്നു പ്രകൃതിയേയും വേർതിരിക്കാനാവില്ല. പ്രകൃതിയും, മനുഷ്യനും തമ്മിലുള്ള ബന്ധം അഭേദ്യമാണ്. നമുക്കുച്ചുറ്റും കാണപ്പെടുന്ന പല സസ്യങ്ങളും ഒരുതരത്തിൽ അല്ലെങ്കിൽ മറ്റൊരു തരത്തില് ആരോഗ്യത്തെ പ്രദാനം ചെയ്യുന്നവയാണ്. ആരോഗ്യ സംരക്ഷണത്തിനായി ആയുർവേദത്തില് പരമപ്രധാനമായ ഒരു സ്ഥാനമാണ് ഔഷധസസ്യങ്ങൾക്കുള്ളത്. പരമ്പരാഗതമായ ആയുർവേദ ചികിത്സാരീതിയ്ക്കു ലോകമെമ്പാടും പ്രചാരമേറുന്നകാലമാണിത്. കേരളം ഔഷധസസ്യങ്ങളുടെ ഒരു കലവറയാണ്. കേരളത്തിലെ വനപ്രദേശങ്ങളിലും നാട്ടിൻപുറങ്ങളിലും, പാതയോരങ്ങളിലും വീട്ടുവളപ്പുകളിലും ധാരാളം ഔഷധസസ്യങ്ങൾ ഉണ്ടായിരുന്നു. സ്വാഭാവിക വാസസ്ഥല നാശവും പ്രകൃതിയില് നിന്നു ഔഷധ സസ്യങ്ങളുടെ അശാസ്ത്രീയമായ ശേഖരണവും, നഗരവൽക്കരണവും മൂലം ഇവയില് പലതും അപ്രത്യക്ഷമായിക്കൊണ്ടി രിക്കുകയും ചിലതു വംശനാശത്തിൻറെ ഭീക്ഷണിയിലുമാണ്. ഈ പ്രതിസന്ധിക്കു പരിഹാരമായി ഔഷധ സസ്യ കൃഷിക്കു പ്രോത്സാഹനം നൽകേണ്ടതാണ്. തുടക്കം എന്ന രീതിയിൽ മൃതസഞ്ജീവനി എന്ന പേരിൽ ഔഷധ ഗ്രാമം പദ്ധതി നടപ്പിലാക്കുന്ന തിലേക്കായി 68000രൂപ വകയിരുത്തുന്നു.

9. കൃഷി മുന്നോട്ടു കൊണ്ടുപോകുന്നതിന് പ്രതിസന്ധികൾ ഒട്ടേറെയാണ്. അവ തരണം ചെയ്യാൻ കർഷകന് മെയ്ക്കരുത്തുമാത്രം പോരാ; മാനസികവും സാമ്പത്തികവും നൈപുണ്യപരവുമായ കരുത്തും വർധിക്കണം. സാദ്ധ്യതകൾ ഉണ്ടെങ്കിലും, കേരളത്തിലെ കാർഷിക മേഖല നിരവധി വെല്ലുവിളികൾ നേരിടുന്നു. ഉയർന്ന ജനസാന്ദ്രതയും ഛിന്നഭിന്നമായ ഭൂവുടമസ്ഥതയും വലിയ തോതിലുള്ള കൃഷിയുടെ സാധ്യതയെ പരിമിതപ്പെടുത്തുന്നു. ഉല്പാദിപ്പിക്കുന്ന വിളകളെ കൃത്യമായ

രീതിയിൽ പലപ്പോഴും വിറ്റഴിക്കാൻ കഴിയാത്തത് കർഷകർ നേരിടുന്ന പ്രതിസന്ധികളിൽ പ്രാധാന്യമർഹിക്കുന്ന ഒന്നു തന്നെയാണ്. പരിഹാരമെന്നോണം **കർഷക കൂട്ടായ്മക്ക് വിപണന സൗകര്യം ഒരുക്കൽ** എന്ന പദ്ധതി നടപ്പിലാക്കും. പദ്ധതിക്കായി **₹ 1,25,000** വകയിരുത്തും

10. രാജ്യത്തെ കാർഷികവൃത്തിയുടെ ഭാഗമാണ് മൃഗസംരക്ഷണവും കന്നുകാലി വളർത്തലും. സമ്പദ് വ്യവസ്ഥയിൽ ഈ മേഖലയുടെ സ്വാധീനം ചില്ലറയല്ല. ജനങ്ങളുടെ വാങ്ങാനുള്ള ശേഷി വർദ്ധിക്കുന്നു, ആവശ്യകത ഉയരുന്നു എന്നത് മൃഗസംരക്ഷണമേഖലയ്ക്ക് കരുത്തേകുന്നുണ്ടെങ്കിലും കാലിത്തീറ്റയുടെ വിലവർദ്ധനയും തീറ്റപ്പുല്ലിൻറെ ക്ഷാമവും ക്ഷീരകർഷകർക്ക് ആശങ്ക ഉളവാക്കുന്ന സാഹചര്യത്തിൽ ഭക്ഷണം, പോഷണം, തീറ്റ, തീറ്റപ്പുല്ല്, ഫലഭൂയിഷ്ഠത, ജീവിത നിലവാരം, പാരിസ്ഥിതിക സുരക്ഷ എന്നീ മേഖലയിലെ നേട്ടത്തിനുള്ള തന്ത്രങ്ങൾ രൂപീകരിക്കേണ്ടിയിരിക്കുന്നു. മൃഗസംരക്ഷണമേഖലയിലെ പ്രോത്സാഹനമെന്നോണം **കറവ പശുക്കൾക്ക് കാലിത്തീറ്റ വിതരണം ചെയ്യുന്നതിനായി ₹ 5,61,600 രൂപയും , പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി നടപ്പിലാക്കുന്നതിലേക്കായി – ₹ 3,12,500** രൂപയും വകയിരുത്തുന്നു.

11. കോഴിയിറച്ചിയോടുള്ള മലയാളിയുടെ പ്രിയം ഒന്നുവേറെ തന്നെയാണ്. തൂവെള്ള ചോറും നാനാതരം കറിക്കൂട്ടുകളും ചേർത്ത് ഒരുഗ്രന് സദ്യ വിളമ്പിയാല് പോലും പലരുടെയും കണ്ണുകൾ തൂശനിലയില് ചിക്കൻ എവിടെയെന്ന് തിരയും. അത്രയ്ക്കുണ്ട് മലയാളിയും ചിക്കനും തമ്മിലുള്ള രുചിയടുപ്പം. ബ്രോയിലര് കോഴികളില് ആൻറിബയോട്ടിക്, കൃത്രിമ ഹോർമോണ് ഉപയോഗങ്ങള് വ്യാപക മാണെന്ന വാർത്തകള് പ്രചരിച്ചതോടെ ഈ മറുനാടൻ കോഴികള് വാങ്ങിക്കഴിക്കാന് അൽപമൊന്ന് മടിക്കുന്നവരാണ് നമ്മളിലേറെയും. മറുനാടൻ കോഴികൾക്ക് പകരമായി തദ്ദേശമായി കോഴി ഉല്പാദിപ്പിച്ച് വിഷരഹിതമായ ഇറച്ചി പൊതുജനങ്ങൾ ലഭ്യമാക്കുന്നതിനും **കീഴല്ലൂർ**

ചിക്കൻ എന്ന പേരിൽ ബ്രോയിലർ യൂണിറ്റ് ആരംഭിക്കും. പദ്ധതിക്കായി ഒരു ലക്ഷം രൂപ വകയിരുത്തും

12. ജീവിതപ്രയാസം അനുഭവിക്കുന്ന കുടുംബങ്ങൾക്ക് ചെറിയൊരാശ്വാസം എന്ന രീതിയിൽ മൃഗസംരക്ഷണ മേഖലയിൽ നടപ്പിലാക്കുന്ന വിവിധ പദ്ധതികളായ മുട്ടകോഴി വിതരണം പദ്ധതിയിൽ ഒരുലക്ഷത്തി തൊണ്ണൂറ്റി അഞ്ചായിരം രൂപയും ആട്ടുവാങ്ങാൻ ധനസഹായമായി ഒരുലക്ഷം രൂപയും പുതിയ മേഖല എന്ന രീതിയില് കാട വളർത്തൽ പദ്ധതിക്കായി 60,000 രൂപയും വകയിരുത്തുന്നു.

13. ദൈനംദിന ജീവിതത്തിൽ ഒഴിച്ചുകൂടാനാവാത്ത ഭക്ഷ്യവസ്തുവാണ് പാൽ. പാലുൽപാദനത്തിൽ സ്വയംപര്യാപ്തത എന്ന പ്രഖ്യാപിത ലക്ഷ്യത്തിലേക്ക് നാം വളരെ വേഗം അടുത്തുകൊണ്ടിരിക്കുന്നു. സുനിശ്ചിതമായ വിപണി നൽകുന്നതിനാൽ കൂടുതൽ പേർ ക്ഷീരമേഖല ഉപജീവന മാർഗമായി തെരഞ്ഞെടുക്കുകയാണ്. ക്ഷീരമേഖല വളർച്ച കൈവരിക്കേണ്ടത് ഇന്നിന്റെ ആവശ്യങ്ങളിൽ ഒന്നു തന്നെയാണ്. ക്ഷീരകർഷകർക്ക് ധനസഹായമായി പാലിന് അധിക വില നൽകൽ എന്ന പദ്ധതി നടപ്പിലാക്കുന്നതിലേക്കായി ₹ 7,80,000 രൂപ വകയിരുത്തുന്നു.

14. കീഴല്ലൂർ ആയുർവേദ ഡിസ്പെൻസറിക്ക് മരുന്നുകൾ വാങ്ങുന്നതിനും അടിസ്ഥാന സൌകര്യവികസനത്തിനുമായി ₹ 10 ലക്ഷം രൂപ വകയിരുത്തും

15. കീഴല്ലൂർ ഹോമിയോ ആശുപത്രിയിലേക്ക് മരുന്നുകൾ വാങ്ങുന്ന തിനും അടിസ്ഥാന സൌകര്യവികസനത്തിനുമായി ₹ 7.5 ലക്ഷംരൂപ വകയിരുത്തും

16. കീഴല്ലൂർ പി എച്ച് സിയിലേക്ക് മരുന്ന് വാങ്ങൽ , **ജീവനക്കാരുടെ ശമ്പളം മറ്റ് അടിസ്ഥാന ചെലവുകൾ തുടങ്ങിയവക്കായി ₹ 13.5 ലക്ഷം** രൂപ വകയിരുത്തും.

17. ഒരു മനുഷ്യൻറെ ഏറ്റവും വലിയ ദാനമാണ് രക്തദാന. രക്തദാനം മഹാദാനം എന്നാണ് പറയപ്പെടാറ്. നമ്മുടെ പഞ്ചായത്തിലെ രക്തദാനം ചെയ്യാൻ താത്പര്യമുള്ളവരുടെ വിവരങ്ങള് പഞ്ചായത്തിൻറെ നേതൃത്വത്തില് ശേഖരിച്ച് ആവശ്യക്കാർക്ക് രക്തദാനം നൽകാന് സാധിക്കുന്നതരത്തില് **ദാനം** എന്ന പേരിൽ ഒരു കൂട്ടായ്മ ക്രമീകരിക്കാൻ ആവശ്യമായ കാര്യങ്ങള് ചെയ്യും.

18. വേദനാപൂർണ്ണമോ സങ്കീർണ്ണമോ ആയ രോഗങ്ങൾ ബാധിച്ച വരുടെ ക്ലേശങ്ങളൊഴിവാക്കുകയെന്ന ഉദ്ദേശ്യത്തോടെയുള്ള വൈദ്യപരി ചരണമോ ചികിത്സയോ ആണ് സാന്ത്വനചികിത്സ അഥവാ പാലിയേറ്റീവ് പരിചരണം. ദീർഘകാലം നീണ്ടു നിൽക്കുന്ന, ജീവിത നിലവാരത്തെ സാരമായി ബാധിക്കുന്ന ഏതൊരു രോഗിക്കും നൽകുന്ന ഏതൊരു വൈദ്യ ചികിത്സക്കും മുകളിൽ സമ്പൂർണവും ക്രിയാത്മകവും ആയ, ശാസ്ത്രം എന്നതിനും മുകളിൽ സ്നേഹവും ആർദ്രതയും സഹാനുഭൂതിയും നിറഞ്ഞതാണ് പാലിയേറ്റീവ് പരിചരണം. കീഴല്ലൂർ ഗ്രാമപഞ്ചായത്ത് **പാലിയേറ്റീവ് പരിചരണത്തിനായി ₹ 11 ലക്ഷം** വകയിരുത്തും

19. സമൂഹത്തിൽ ജീവിതശൈലി രോഗങ്ങള് പിടിപെടുന്നവരുടെ എണ്ണം പ്രായഭേദമന്യേ വർദ്ധിച്ചുവരുന്ന സ്ഥിതി വിശേഷമാണ് ഉള്ളത്. ജീവിതശൈലീരോഗങ്ങളായം പ്രമേഹം, രക്തസമ്മർദ്ദം എന്നിവ വർധിക്കുന്നതിന് ആനുപാതികമായിട്ടാണ് വൃക്കരോഗവും വർദ്ധിക്കുന്നതായിട്ടാണ് കണക്കുകള് സൂചിപ്പിക്കുന്നത്. വൃക്കരോഗം നേരത്തെ കണ്ടുപിടിക്കാൻ കഴിയാത്തതിനാല് സംസ്ഥാനത്ത് ഡയാലിസിസ് വേണ്ടി വരുന്ന രോഗികളുടെ എണ്ണവും വൃക്കമാറ്റി വയ്ക്കേണ്ട രോഗികളുടെ എണ്ണവും വളരെയേറെ വർധിച്ചിട്ടുണ്ട്. വൃക്കരോഗത്തിന്റെ ഭാഗമായി ഡയലിസിസ് ചെയ്യുന്നതിന് ഒരു കുടുംബത്തിന്റെ സാമ്പത്തീക സുരക്ഷിതാവസ്ഥയെ പോലും സാരമായി ബാധിക്കുന്ന ഒന്നാണ്. അവരെ ചേർത്തുപിടിക്കേണ്ടത് ഇന്നത്തെ

സമൂഹത്തിന്റെ കർത്തവ്യമാണ്. വൃക്ക രോഗികൾക്ക് ഡയാലിസിസ് ധനസഹായം –കനിവ് എന്ന പേരിൽ പദ്ധതി നടപ്പിലാക്കും പദ്ധതിക്കായി പത്ത് ലക്ഷം രൂപ വകയിരുത്തും

20. അഞ്ചു വർഷം കൊണ്ട് സംസ്ഥാനത്ത് അതിദാരിദ്ര്യം ഇല്ലാതാക്കുക എന്നത് കേരള സർക്കാരിന്റെ പ്രഥമ മുൻഗണനകളില് ഒന്നാണ്. ആശ്രയ പദ്ധതിയുടെ പരിധിയിൽ വരേണ്ടതും എന്നാൽ വിട്ടു പോയതുമായ അതിദരിദ്രരെ കണ്ടെത്തി അവർക്ക് അതി ദാരിദ്ര്യാവസ്ഥയില് നിന്ന് പുറത്തു വരാനുള്ള സഹായവും പദ്ധതികളും മൈക്രോ പ്ലാനിലൂടെ നടപ്പിലാക്കുക എന്നതാണ് ഈ പദ്ധതിയുടെ മുഖ്യ ലക്ഷ്യം അതിദാരിദ്ര്യ നിർമ്മാർജ്ജനത്തിനായി നടപ്പിലാക്കുന്ന പ്രവർത്തനങ്ങളില് ഏറ്റവും പ്രധാനപ്പെട്ടതിന്റെ അവസാന ഘട്ട പ്രവർത്തനത്തിലാണ് നാം ഇപ്പോൾ – രോഗികളായ അതിദരിദ്ര കുടുംബങ്ങളിലെ അംഗങ്ങ ൾ ക്ക് മരുന്ന് വാങ്ങൽ എന്ന പദ്ധതി നടപ്പിലാക്കുന്നതിനായി 50,000രൂപ വകയിരുത്തുന്നു.

21. രോഗനിയന്ത്രണത്തിലും ചികിത്സയിലും ആധുനിക വൈദ്യശാസ്ത്രം ഏറെ മുന്നേറ്റം ഉണ്ടാക്കിയെങ്കിലും കാൻസര് മൂലമുള്ള മരണ നിരക്ക് നമ്മുടെ നാട്ടില് കൂടി കൊണ്ടിരിക്കുന്നു. കാൻസർ നിയന്ത്രണത്തിന് ഒരു പ്രത്യേക നയം തന്നെ മുന്നോട്ട് വെച്ച് കൊണ്ട് മലബാർ കാൻസർ സെൻററുമായി സംയോജിച്ച് കൊണ്ട് കാൻസര് പ്രതിരോധ നിയന്ത്രണ പദ്ധതിയായ കണ്ണൂർ ഫൈറ്റ് ക്യാൻസർ – ക്യാൻസർ നിയന്ത്രണ പദ്ധതി നടപ്പിലാക്കും

22. പരുക്കേൽക്കുകയോ രോഗബാധിതനാകുകയോ ചെയ്യുന്ന ഒരാൾക്ക് ആദ്യമായി ലഭിക്കുന്ന ചികിത്സയാണിത്. കൃത്യസമയത്ത് ലഭിക്കുന്ന പ്രഥമ ശുശ്രൂഷ പലപ്പോഴും രോഗിയുടെ ആരോഗ്യനില മെച്ചപ്പെടുത്താൻ സഹായിക്കും. പ്രഥമ ശുശ്രൂഷയുടെ വശങ്ങൾ എല്ലാവരേയും പരിശീലിപ്പിക്കേണ്ടത് അടിയന്തിര ആവശ്യമാണ്. പ്രഥമ ശുശ്രൂഷയുടെ പ്രാധാന്യം യുവാക്കളിൽ എത്തിക്കുന്നതിനും കൺമുന്നിൽ നടക്കുന്ന വിവിധ അപകടങ്ങളിൽ നിന്നും ജീവൻ രക്ഷിക്കുന്നതിനുള്ള ശാസ്ത്രീയ പരിശീലനം പോലീസ് , ഫയർഫോഴ്സ് , മെഡിക്കൽ

ഉദ്യോഗസ്ഥർ എന്നിവരുടെ സഹകരണത്തോടെ –**സഹായ ഹസ്തം** **എന്ന പേരിൽ <u>യുവാക്കൾക്ക്</u> <u>പ്രഥമശ്രുശ്രൂഷ പരിശീലനം</u>** എന്ന പദ്ധതി നടപ്പിലാക്കും.

23. മാറിക്കൊണ്ടിരിക്കുന്ന ജീവിതശൈലി പുതുതലമുറയ്ക്കു സമ്മാനിക്കുന്നത് നിരവധി രോഗങ്ങളാണ്. ശരിയായ ആഹാരവും ചിട്ടയായ വ്യായാമവും ആരോഗ്യസംരക്ഷണത്തിന് അവശ്യഘടകങ്ങളാണ്. മുൻതലമുറയിലുള്ളവരുടെ ചിട്ടയായ ജീവിതരീതി ഒരുപരിധി വരെ രോഗങ്ങളെ അകറ്റിനിർത്താന് സഹായിച്ചിരുന്നു. എന്നാൽ അതിൽനിന്നു വ്യത്യസ്തമായി മാറിയ ഭക്ഷണരീതിയും വ്യായാമം ഇല്ലായ്മയും വർധിച്ചുവരുന്ന മാനസികസംഘർഷങ്ങളും ആരോഗ്യത്തെ പ്രതികൂലമായി ബാധിക്കുന്നു. പ്രമേഹം, ഉയർന്ന രക്തസമ്മർദം, ഹൃദ്രോഗം, അമിതവണ്ണം, ക്യാൻസര് തുടങ്ങിയവ ജീവിതശൈലി രോഗങ്ങളില് പ്രധാനപ്പെട്ടവയാണ്. – വാർഷിക പദ്ധതിയിൽ **ഉൾപ്പെടുത്തി <u>ജീവിത ശൈലി രോഗ നിയന്ത്രണ പദ്ധതി നടപ്പിലാക്കും</u>** പദ്ധതിക്കായി ഒരു ലക്ഷം രൂപ വകയിരുത്തും

24. ആധുനീക ലോകം അഭീമുഖീകരിക്കുന്ന അതി ഗുരുതരമായ പ്രതിസന്ധി യാണ് ലഹരി ഉപയോഗം. ആരോഗ്യപരവും സാമൂഹികവും ധാർമികവും സാംസ്കാരീകവുമായ ഒട്ടേറെ പ്രശ്നങ്ങൾക്ക് ലഹരിയുടെ ഉപയോഗം നേരിട്ടോ അല്ലാതെയോ കാരണമാകുന്നുണ്ട് . ലഹരി പദാർത്ഥങ്ങൾ വെടിഞ്ഞ് മാത്രമേ വിജയത്തിലേക്ക് കുതിക്കാനാകൂ. കുട്ടികളിലെ ലഹരി ഉപയോഗം വർദ്ധിച്ച് വരുന്ന സാഹചര്യത്തിൽ ലഹരി ഉപയോഗം തടയുന്നതിനായി എക്സൈസ് വകുപ്പ് , സ്റ്റുഡൻറ് പോലീസ് , എൻ എസ് എസ് , എൻ സി സി , എന്നിവയു മായി ചേർന്ന് **<u>ലഹരി അല്ല ജീവിതം , ജീവിതമാണ് ലഹരി</u> – ലഹരി വിരുദ്ധ** കാമ്പയിൻ നടപ്പിലാക്കും.

25. സർക്കാരിൻറെ പന്ത്രണ്ടിന പരിപാടിയിലുൾപ്പെടുത്തി നടപ്പിലാക്കി വരുന്ന കീഴല്ലൂര് പഞ്ചായത്ത് കുടുംബശ്രീയുടെ നേതൃത്വത്തില് കുമ്മാനത്ത് പ്രവർത്തിച്ചുവരുന്ന കുടുംബശ്രീ ഹോട്ടല് പഞ്ചായത്തിനകത്തും പുറത്തുമുള്ള നിരവധിയാളുകൾക്ക്

പ്രയോജനപ്രദമാണ്. പ്രസ്തുത പദ്ധതിയായ **വിശപ്പുരഹിത കേരളം പദ്ധതിക്കായി 82,000 രൂപ** വകയിരുത്തുന്നു.

26. നവോത്ഥാന മൂല്യങ്ങള് മറ്റൊരിടത്തും കാണാത്ത രീതിയില് ഉഴുതിമറിച്ച ഭൂപ്രദേശമാണ് നമ്മുടേത്. യുക്തിചിന്തയും ശാസ്ത്രബോധവും ജീവിതത്തോട് ചേർത്ത വെച്ച മണ്ണ് . ഇതെല്ലാം ചവിട്ടുമൊതിച്ച് കൊണ്ട് സംഹാര താണ്ഡവമാടുന്ന മനുഷ്യവിരുദ്ധ പ്രവണതകളും പുരുഷകേന്ദ്രീകൃത ചിന്തകളും സ്ത്രീവിരുദ്ധ സാഹചര്യവും കൂടുതല് പ്രത്യക്ഷ്യമാവുമ്പോൾ ഇത്തരം പ്രവണതകളെ ഇല്ലായ്മ ചെയ്യണം എന്ന ലക്ഷ്യം മുൻ നിർത്തി എല്ലാവരും തുല്യരാണെന്ന ബോധം മുനഷ്യ മനസ്സുകളിൽ സൃഷ്ടിക്കുന്നതിനുവേണ്ടി **ചരിത്ര പ്രദർശനവും സെമിനാറുകളും** സംഘടിപ്പിക്കും.

27. പരിസ്ഥിതി സംരക്ഷണവും ശാസ്ത്രചിന്തയും വിഷയമാക്കി സ്കൂള് വിദ്യാർത്ഥികൾക്ക് ജില്ലാതല ഷോട്ട് ഫിലിം മത്സരം സംഘടിപ്പിക്കും. സാമൂഹിക പ്രതിബദ്ധതയും പരിസ്ഥിതി സംരക്ഷണവും ശാസ്ത്രാവബോധവും വളർത്തിയെടുക്കുന്ന വിദ്യാർത്ഥികള് തന്നെ ചിത്രീകരണവും സംവിധാനവും നടത്തുന്ന ഫിലിം ഫെസ്റ്റിവെൽ **– മഴവില്ല്** സംഘടിപ്പിക്കും .

28. ജൻമസിദ്ധമായ കലാവാസനകളെ കണ്ടെത്തുന്നതിനും പരിപോഷിപ്പിക്കുന്നതിനും കേരള ഫോക്ക് ലോർ അക്കാദമി, വജ്രജൂബിലി ഫെലോഷിപ്പ് നേടിയ കലാകാരൻമാർ എന്നവരുമായി ചേർന്ന് **സർഗാലയം** എന്ന പേരിൽ വാർഡ് കേന്ദ്രങ്ങളില് കലാപരിശീലനങ്ങള് നടത്തുന്നതിന് സൌകര്യം ഒരുക്കും.

29. ശാരീരിക വികാസത്തിന് പ്രാധാന്യം നൽകുന്ന ഒരു കായിക വിദ്യാഭ്യാസ സമ്പ്രദായമാണ് ഇന്ന് ഇന്ത്യയിൽ നിലവിലുള്ളത്. വ്യക്തിയുടെ മൊത്തത്തിലുള്ള കഴിവുകളുടെ വികാസമാണ് കായിക വിദ്യാഭ്യാസത്തിലൂടെ ആർജ്ജിക്കേണ്ടത്. ശാരീരികശേഷി മെച്ചപ്പെടുത്തുന്നതോടൊപ്പം തന്നെ വിദ്യാർത്ഥികളുടെ ബുദ്ധിവികാസത്തിനും വ്യക്തിത്വ രൂപവൽക്കരണത്തിനും കായികപരിശീലനം പ്രയോജനപ്പെടുത്തേണ്ടതുണ്ട്. സ്ഥിരോത്സാഹം, ഒത്തൊരുമ, നേതൃത്വവൈഭവം, നിയമങ്ങളോടുള്ള അനുസരണ, മാനസിക

സന്തുലിതാവസ്ഥ തുടങ്ങിയ ഗുണങ്ങൾ ശരിയായ രീതിയിലുള്ള കായികപരിശീലന പദ്ധതി വഴി വളർത്തിയെടുക്കാൻ കഴിയും. – വാർഡ് കേന്ദ്രങ്ങളിൽ **കായിക പരിശീലന കേന്ദ്രങ്ങൾ ആരംഭിക്കുന്നതി നാവശ്യമായ പ്രോത്സാഹനം** നൽകും.

30. ജലാശയ അപകടങ്ങൾ ഒഴിവാക്കുന്നതിനും അടിയന്തിരഘട്ടങ്ങളിൽ രക്ഷാ പ്രവർത്തനത്തിന് സജ്ജരാക്കുന്നതിനും കുട്ടികൾക്കും സ്ത്രീകൾക്കും **നീന്തൽ പരിശീലന പദ്ധതി – സ്പ്ലാഷ് കീഴല്ലൂർ പദ്ധതി** നടപ്പിലാക്കും

31. ഏതൊരു നാടിൻറെയും സ്വപ്നമാണ് ആരോഗ്യമുള്ള ജനത. ഈ ലക്ഷ്യത്തിലേക്ക് എത്താൻ നാടിൻറെ കളിക്കളങ്ങൾ സജീവമാക്കുക എന്ന ഉദ്ദേശത്തോടുകൂടി ഗ്രാമപഞ്ചായത്തിലെ രജിസ്ട്രേഡ് ക്ലബുകൾക്ക് **സ്പോർടസ് കിറ്റും ഫർണ്ണിച്ചറും വിതരണം ചെയ്യുന്നതിന് രണ്ട് ലക്ഷം രൂപ** വകയിരുത്തും

32. കണ്ണൂർ ജില്ലയെ സമ്പൂർണ്ണ സെക്കൻററി വിദ്യാഭ്യാസ ജില്ലയാക്കി മാറ്റുക എന്ന ലക്ഷ്യം മുൻനിർത്തിക്കൊണ്ട് നടപ്പിലാക്കുന്ന പത്താമുദായം– **സമ്പൂർണ്ണ സെക്കന്ററി വിദ്യാഭ്യസ ജില്ല എന്നീ പദ്ധതികൾ നടപ്പിലാക്കുന്നതിലേക്കായി 30,000** രൂപ വകയിരുത്തുന്നു.

33. കുട്ടികളുടെ വളർച്ചയിലും വികാസത്തിലും വ്യത്യസ്ത കളികൾ പ്രധാന പങ്കുവഹിക്കുന്നു. കുട്ടികൾക്കുള്ള ചെസ്സിന്റെ പ്രയോജനങ്ങളിൽ തീർച്ചയായും മെച്ചപ്പെട്ട വൈജ്ഞാനിക കഴിവുകൾ ഉൾപ്പെടുന്നു . ചെസ്സ് കളിക്കുന്ന കുട്ടികൾ കൂടുതൽ ഏകാഗ്രതയും ശ്രദ്ധയും ഉള്ളതായി കാണുന്നു. ചെസ്സ് കളിക്കുന്നതിന്റെ ഗുണങ്ങളിലൊന്ന് സമയ പരിപാലനമാണ്. തന്ത്രപരമായ ചിന്ത, വിശകലന വൈദഗ്ദ്ധ്യം, സാഹചര്യങ്ങൾ പ്രവചിക്കൽ, മെച്ചപ്പെട്ട ആത്മവിശ്വാസം മുതലായവ വിദ്യാർത്ഥികൾക്ക് ചെസ്സിന്റെ മറ്റ് നേട്ടങ്ങളാണ്. തന്ത്രത്തിന്റെയും ഏകാഗ്രതയുടെയും കളിയായ ചെസ്സ്, കുട്ടികൾ ആസ്വദിക്കുമ്പോൾ അത്യാവശ്യമായ കഴിവുകൾ വികസിപ്പിക്കുന്നതിനുള്ള മികച്ച മാർഗമായി മാറുന്നു. തന്ത്രങ്ങൾ മെനയുകയും തീരുമാനങ്ങൾ എടുക്കുകയും

ചെയ്യുമ്പോൾ മുൻകൂട്ടി ചിന്തിക്കാനും ആസൂത്രണം ചെയ്യാനും ഇത് കുട്ടികളെ പഠിപ്പിക്കുന്നു. - **തേര്** **എന്ന പേരിൽ കുട്ടികൾക്ക് ചെസ് പരിശീലന പരിപാടി വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി** നടപ്പിലാക്കും

34. നാളെയുടെ വാഗ്ദാനങ്ങളാണ് കുട്ടികൾ. കുട്ടികളുടെ നല്ലരീതിയിലുള്ള വളർച്ച ലക്ഷ്യമിട്ടുകൊണ്ട് ബാലസഭകളുടെ പ്രവർത്തനങ്ങൾക്കായി **ബാലസഭാശാക്തീകരണം എന്ന പദ്ധതിക്കായി ഒരു ലക്ഷം** രൂപ വകയിരുത്തും

35. ഏതൊരു നാടിൻറെയും പ്രശസ്തി ഉയർത്തുന്നതിനായി സാംസ്കാരിക പരിപാടികൾ നല്ല പങ്കാണ് വഹിക്കുന്നത്. നമ്മുടെ നാടിൻ സാംസ്കാരിക മേഖലകളെ ആകെ സംയോജിപ്പിക്കുന്നതിനും തനത് പെരുമ ഉയർത്തികാട്ടുന്നതിനും സാംസ്കാരീക കൂട്ടായ്മ ഒരുക്കുന്നതിനുമായി **അഴകോടെ കീഴല്ലൂർ - കീഴല്ലൂർ സാംസ്കാരികോത്സവം - സംഘടിപ്പിക്കുന്നതായി** 5 ലക്ഷം വകയിരുത്തുന്നു.

36. സന്തോഷത്തിന്റെ താക്കോൽ തേടി നടക്കുന്നവനാണ് മനുഷ്യൻ. ചെറിയകാര്യങ്ങളിൽ സംതൃപ്തി കണ്ടെത്താൻ സാധിക്കാത്ത കാലത്തോളം സന്തോഷം നിങ്ങളിൽ നിന്നും അകലെയായിരിക്കും. വളരെ നിസാരമെന്ന് തോന്നുന്ന പലതിനും ഒരുപാട് സംതൃപ്തിയും ആഹ്ലാദവും നൽകാൻ സാധിക്കും. നമ്മുടെ സന്തോഷത്തിന്റെ താക്കോൽ നമ്മുടെ കൈയ്യിൽ തന്നെയാണ്. കീഴല്ലൂർ ഗ്രാമപഞ്ചായത്തിൽ **ഹാപ്പിനസ് പാർക്കുകൾ** സ്ഥാപിക്കും. ഇരിപ്പിടങ്ങൾ, മറ്റു വിനോദോപാധികൾ, സെൽഫി കോർണർ, പാനീയങ്ങളും ലഘുഭക്ഷണവും, മൊബൈൽ റീചാർജിങ് സംവിധാനം, വൈഫൈ, ശുദ്ധജലം, ശുചിമുറി, മാലിന്യ നിർമാർജന സംവിധാനം, സേവ് ദി ഡേറ്റ് പിറന്നാൾ ആഘോഷം എന്നിവയ്ക്ക് വിനിയോഗിക്കാൻ കഴിയും വിധം ഭംഗിയിൽ ഹാപ്പിനസ് പാർക്കുകൾ ഒരുക്കുന്നതിനായി രണ്ടര ലക്ഷം രൂപ വകയിരുത്തുന്നു.

37. സാമൂഹ്യമായി പിന്നോക്കം നിൽക്കുന്ന വിഭാഗങ്ങളെ തുല്യ

അവസരം നൽകി മുഖ്യധാരയിലേക്ക് എത്തിക്കുക എന്ന ഭരണഘടന അനുശാസിക്കുന്ന ഉത്തരവാദിത്തം നിർവ്വഹിക്കാന് നമ്മള് പ്രതിജ്ഞാബദ്ധരാണ് എന്ന ബോധം ഉൾക്കൊണ്ടു തന്നെ ഇത്തരം പദ്ധതികൾ വാർഷിക പദ്ധതിയിലൂടെ നടപ്പിലാക്കാന് നാം ശ്രമിക്കുകയാണ്. **പട്ടികജാതി വിദ്യാർത്ഥികളുടെ ഉന്നമനത്തിനായി പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് വിതരണം പദ്ധതിക്കായി 1,75,000 രൂപയും , പട്ടിക ജാതി വിദ്യാർത്ഥി കൾക്ക് ലാപ് ടോപ് വിതരണം പദ്ധതിക്കായി 50,000രൂപയും, പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറിക്ക് ധനസഹായം പദ്ധതിക്കായി 2,00,000 രൂപയും** വകയിരുത്തുന്നു.

38. ലോകമെമ്പാടും കാലാവസ്ഥയിലുണ്ടായിക്കൊണ്ടിരിക്കുന്ന വ്യതിയാനം ഏറ്റവും കൂടുതൽ ബാധിക്കുന്നത് കുടിവെള്ളത്തെയാണ്. കുടിവെള്ള ക്ഷാമം ഓരോ വർഷം കഴിയുന്തോറും കൂടിക്കൊണ്ടിരിക്കുകയും അത് സമൂഹത്തിൻറെ നിലനിൽപിന് തന്നെ ഭീഷണിയായിത്തീരുന്ന കാഴ്ചയാണ് നാം കാണുന്നത്. നമ്മുടെ ഏറ്റവും വലിയ ജലത്തിൻറെ സ്രോതസ്സായ നമുക്ക് ലഭിക്കുന്ന മഴവെള്ളം ഒഴുകിപ്പോകാതെ മണ്ണിലേക്ക് ഇറക്കിയും മരങ്ങൾ വെച്ചുപിടിപ്പിച്ചും വരൾച്ചയെ നേരിടാന് നാം കൂട്ടായ് പരിശ്രമിക്കേണ്ടതാണ്. കഴിഞ്ഞ തവണ നമ്മുടെ പഞ്ചായത്തിലെ കുടിവെള്ളക്ഷാമം രൂക്ഷമായ പ്രദേശങ്ങളിൽ ഇരുപത്തിയെട്ട്ലക്ഷത്തി പതിനഞ്ചായിരം ലിറ്റര് കുടിവെള്ളം വിതരണം ചെയ്തിട്ടുണ്ട്. ഇത്തവണയും **കുടിവെള്ള വിതരണ പദ്ധതിയിലേക്കായി പതിനഞ്ച് ലക്ഷം രൂപ** വകയിരുത്തുന്നു.

39. ഒരു നാടിന്റെ കഥയും ചരിത്രവും ഐതിഹ്യങ്ങളും വെളിപ്പെടുന്നത് അവിടത്തെ അനുഷ്ഠാന കലാരൂപങ്ങളിലൂടെയാണ്. നാടോടി, ഗോത്ര വർഗ്ഗ സ്വഭാവമുള്ള ജനതയുടെ ആരാധനാ മൂർത്തികളിലും ആരാധന, ആഘോഷ സമ്പ്രദായങ്ങളിലും അതാതു പ്രാദേശിക തനിമകള് മുന്നിട്ടു നിൽക്കും. വടക്കേ മലബാറിലെ തെയ്യം ആഘോഷങ്ങൾ, കളിയാട്ടം എന്ന് പേരിൽ ഓരോ ഗ്രാമക്ഷേത്രങ്ങളിലും കാവുകളിലും അരങ്ങേറുന്ന

വാർഷിക ഉത്സവങ്ങള്, ആ നാടിന്റെ ചരിത്രവും സംസ്കാരവും ഒരുമയും കരുത്തും വിളിച്ചറിയിക്കുന്നതാണ്. വീരാരാധനയും പൂർവ്വപിതാക്ക ന്മാരുടെ ആത്മാവുകൾക്ക് ദൈവിക പരിവേഷവും നൽകുന്ന, ഗോത്ര വർഗ്ഗ സ്വഭാവം പ്രദർശിപ്പിക്കുന്ന ഇത്തരം ആഘോഷങ്ങൾക്ക് വീര്യവും ഊർജ്ജവും കൂട്ടും. - തെയ്യം കലാകാരൻമാർ നേരിടുന്ന പ്രധാന പ്രശ്നങ്ങളിൽ പ്രധാനമർഹിക്കുന്ന ഒന്നാണ് സീസൺ ആയി മാത്രമേ വരുമാനദായകമായി തെയ്യകലകൾ അവതരിപ്പിക്കാൻ കഴിയും എന്നത്. തെയ്യചമയങ്ങളുടെ ലഭ്യതകുറഞ്ഞതും പ്രധാന പ്രശ്നങ്ങളിൽ ഒന്നാണ്. ആയതിന്റെ പരിഹാരമെന്നോണം **തെയ്യം കലാകാരൻമാർക്ക് അണിയലങ്ങൾ വാങ്ങി നൽകുന്നതിനായി പദ്ധതിയില് 75000** വകയിരുത്തുന്നു.

40. മാനസീകവും ശാരീരികവുമായ പരിമിതികൾ അനുഭവിക്കുന്ന ഭിന്ന ശേഷിക്കാരായവർക്ക് പ്രത്യേക പരിഗണന ഈ ബജറ്റ് നൽകുന്നത്. ഭിന്നശേഷിക്കാരുടെ അവസ്ഥാനിർണ്ണയം, നേരത്തെയുള്ള ഇടപെടൽ, ചികിൽസ, കൃത്രിമ സഹായ ഉപകരണങ്ങളുടെ നിർണ്ണയവും ലഭ്യതയും, പ്രത്യേക ചികിൽസയും പരിശീലനവും, വിദ്യാഭ്യാസം, തൊഴിൽ പരീശീലനം, തൊഴിൽ ലഭ്യത, സാമൂഹിക ഉൾചേരൽ, ആജീവനാന്ത സംരക്ഷണം, സാമൂഹിക അവബോധം, ഭിന്നശേഷി സൌഹൃദ അന്തരീക്ഷം രൂപപ്പെടുത്തൽ എന്നിവയുടെ കാര്യത്തിൽ നാം ഇനിയും എത്രയോ ദൂരം സഞ്ചരിക്കേണ്ടിയിരിക്കുന്നു. എല്ലാ വർഷവും തുടർന്നു **കൊണ്ടിരിക്കുന്ന ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് എന്ന പദ്ധതിക്കായി ₹ 5,60,000 വകയിരുത്തുന്നതോടൊപ്പം ഭിന്നശേഷികുട്ടികളുടെ അമ്മമാർക്ക് തൊഴിൽ പരിശീലന ത്തിനായി ₹ 1,64,800** വകയിരുത്തുന്നു.

41. അങ്കണവാടി ശിശുമന്ദിരം അനുപൂരക പോഷകാഹാരം, ഗ്രാമ പഞ്ചായത്ത് അങ്കണവാടികളിലേക്കും ശിശുമന്ദിരത്തിലേക്കും കളിയു പകരണങ്ങൾ വാങ്ങൽ, ഗ്രാമപഞ്ചായത്ത് അങ്കണവാടികളിലേക്കും

ശിശുമന്ദിരത്തിലേക്കും പാചക ഉപകരണങ്ങൾ വാങ്ങൽ, എന്നീ പദ്ധതികൾ അങ്കണവാടികളുടെ ഗുണമേൻമയുള്ള പ്രവർത്തനങ്ങൾക്കായി നടപ്പിലാക്കാം

42. നമ്മുടെ കുട്ടികളെ പഠനത്തിൻറെയും പോഷകാഹാരത്തിൻറെയും വിനോദത്തിൻറെയും അടിത്തറപാകുന്ന അങ്കണവാടി കുട്ടികളുടെ മാനസീകവും ശാരീരികവുമായ ഉന്നമനത്തിനായി **കലാകായിക മേള– കുച്ച്** എന്ന പേരിൽ സംഘടിപ്പിക്കും.

43. അന്ധതയും കാഴ്ച വൈകല്യവും ആഗോളതലത്തിൽ വലിയ പൊതുജനാരോഗ്യ പ്രശ്നങ്ങളാണ്. അവ നേരിട്ട് മരണത്തിന് കാരണമാകില്ലെങ്കിലും, അവ ജീവിതകാലം മുഴുവൻ അനുഭവപ്പെടുന്ന വൈകല്യത്തിലേക്ക് നയിക്കുന്നതിനാൽ, ബാധിച്ച വ്യക്തികളുടെയും സമൂഹങ്ങളുടെയും ജീവിത നിലവാരത്തിൽ അവ വലിയ സ്വാധീനം ചെലുത്തുന്നു. പൊതുജനാരോഗ്യം അനാരോഗ്യവും വൈകല്യവും കുറയ്ക്കാനും ആരോഗ്യം സംരക്ഷിക്കാനും ലക്ഷ്യമിടുന്നതിനാൽ, പൊതുജനാരോഗ്യ നേത്ര പരിചരണത്തിന് വലിയ പ്രാധാന്യമുണ്ട് – **കാഴ്ച ശക്തി ഇല്ലാത്തവർക്ക് ഉപയോഗിക്കാൻ കഴിയുന്ന തരത്തിലുള്ള വാച്ച് വാങ്ങി നൽകൽ പദ്ധതിക്കായി ഒരു ലക്ഷം രൂപയും , കാഴ്ച ശക്തി ഇല്ലാത്തവർക്ക് ഉപയോഗിക്കാൻ കഴിയുന്ന തരത്തിലുള്ള ലാപ് ടോപ് വാങ്ങി നൽകൽ പദ്ധതിക്കായി 75000രൂപയും വകയിരുത്തി– മിഴി** എന്ന പേരിൽ നടപ്പിലാക്കും

44. വൃദ്ധജനങ്ങളുടെ പരിപാലനം ഒരു സാമൂഹ്യ വിഷയമായി മാറുന്ന സാഹചര്യത്തിൽ അവരുടെ സുരക്ഷയും ആരോഗ്യവും ഉറപ്പു വരുത്തേണ്ടത് സാമൂഹിക ഉത്തരവാദിത്തമാണ്. ഒരു തരത്തിൽ അല്ലെങ്കിൽ മറ്റൊരു തരത്തില് സമൂഹത്തെ സേവിച്ചവരുടെ വാർദ്ധക്യം സന്തോഷപ്രദമാക്കുന്നതിന് **വയോജനസംഗമം – ഉല്ലാസം– എന്ന പേരിൽ സംഘടിപ്പിക്കുന്നതിനായി ഒരുലക്ഷം രൂപ**

വകയിരുത്തുന്നു.

45. കാലം മാറി. വീടിന്റെ സുരക്ഷിതത്വത്തിൽ ഒതുങ്ങി കൂടേണ്ടവരാണെന്ന മിഥ്യാ ബോധമൊക്കെ സ്ത്രീകൾ ഉപേക്ഷിച്ചു വരികയാണ്. സമൂഹത്തിൽ സധൈര്യം മുന്നോട്ടുനടക്കുന്നതിന് സ്ത്രീകൾക്ക് വിലങ്ങുതടിയാകുന്ന നിരവധി പ്രതിബന്ധങ്ങളുണ്ട് . ജീവിതം ഒരു അനുഗ്രഹമാണ്. അതും വളരെ അപ്രതീക്ഷിതമാണ്. മാനസികവും ശാരീരികവുമായ ആരോഗ്യം വികസിപ്പിക്കുന്നതോടൊപ്പം അപ്രതീക്ഷിതമായ സാഹചര്യങ്ങൾക്കായി സ്വയം പ്രതിരോധം സ്ത്രീകൾ കൈവരിക്കേണ്ടിയിരിക്കുന്നു. സ്ത്രീകൾ തന്നെ സ്വയം പ്രതിരോധമാവേണ്ട സാഹചര്യമാണ് നിലനിൽക്കുന്നത്. വർത്തമാനകാല ഇന്ത്യയിൽ സ്ത്രീകളുടെ പൗരാവകാശങ്ങൾ ലംഘിക്കപ്പെടുന്നതിൻറെ വ്യക്തമായ സൂചനകളാണ് സ്ത്രീകളും പെൺകുട്ടികളും അവരുടെ ജീവിതത്തിൽ ഉടനീളം അനുഭവിക്കുന്ന വ്യത്യസ്ത രൂപങ്ങളിലുള്ള അതിക്രമങ്ങൾ. വീടിനുള്ളില്, തൊഴിലിടങ്ങളിൽ, പൊതുസ്ഥലങ്ങളിൽ അവൾ ആക്രമിക്കപ്പെടുന്നു. മേൽ സാഹചര്യങ്ങൾ സമചിത്തതയോടെ കൈകാര്യം **ചെയ്യുന്നതിന് സ്ത്രീകൾക്ക് വനിതകൾക്ക് ആയോധന കലാ പരിശീലനം** – BE BOLD – എന്ന പേരിൽ നടപ്പിലാക്കും

46. വനിതകൾക്ക് സാമ്പത്തിക സുരക്ഷിത്വം ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെ മത്സര പരീക്ഷകൾ വിജയിക്കുന്നതിന് പ്രാപ്തമാക്കുന്നതിനായി **വനിതകൾക്ക് പി എസ് സി പരിശീലനം** വാർഷിക പദ്ധതികളിൽ ഉൾപ്പെടുത്തി നടപ്പിലാക്കും

47. അത്യാഹിതങ്ങളും പ്രകൃതി ദുരന്തങ്ങളും നമുക്ക് പൂർണ്ണമായും ഒഴിവാക്കാനാവുന്നതല്ല. പ്രളയത്തിലും പേമാരിയിലും വിറങ്ങലിച്ച് നിൽക്കുന്നതിന് അപ്പുറത്ത് അടിയന്തിര സാഹചര്യങ്ങളെ നേരിടാനാവശ്യമായ ആസൂത്രണവും പരിശീലനവും നൽകേണ്ടതാണ് ഇത്തരം പരിശീലനങ്ങൾ ആദ്യം ആരംഭിക്കേണ്ടത്. സ്കൂൾ കോളജ് തലങ്ങളിലാണ് വിദ്യാർത്ഥികളെയും യുവജനങ്ങളെയും ഉൾക്കൊള്ളിച്ച്

കൊണ്ട് **കീഴല്ലൂർ ഗ്രീൻ ഫോഴ്സ്** രൂപീകരിക്കും

48. ജലസോത്രസ്സുകളുടെ സംരക്ഷണത്തിനായി എടയന്നൂർ കാനാട് തോട് **പാർശ്വഭിത്തി നിർമ്മാണം – മൂന്നാം ഘട്ടം** – **എന്ന പദ്ധതി 17ലക്ഷത്തി 45,000 ചെലവഴിച്ച്** നടപ്പിലാക്കും .

49. ജീവിതത്തിന്റെ അടിസ്ഥാന ആവശ്യങ്ങളിലൊന്നാണ് ഭവനം. ഇന്ത്യൻ ഭരണഘടനയിലെ നിർദ്ദേശക തത്ത്വങ്ങളിൽ ശരിയായ പാർപ്പിടം ഉറപ്പു നൽകിയിട്ടുള്ളതാണ്. ഭവന നിർമ്മാണം ഉൾപ്പെടെയുള്ള സാമൂഹിക സംരംഭങ്ങളിൽ ചരിത്രപരമായിത്തന്നെ കേരളം മുന്നിട്ടു നിൽക്കുന്നുണ്ട്. 1970–കളുടെ തുടക്കത്തിൽ തന്നെ കേരളം ഭവനരഹിത കുടുംബങ്ങൾക്കുവേണ്ടിയുള്ള ഒരു ബൃഹത്തായ ഭവന നിർമ്മാണ പദ്ധതി കൊണ്ടു വരികയും അതിനെ പാർപ്പിട മേഖലയിലെ മാർഗ്ഗദർശിയായ ഒരു പദ്ധതിയായി ആഹ്വാനം ചെയ്യുകയും ചെയ്തു. അതുമുതൽ ഓരോ കുടുംബങ്ങൾക്കും പാർപ്പിടം ഉറപ്പുവരുത്തുക എന്ന ഭവന നിർമ്മാണ നയം കേരളത്തിലെ ഓരോ സർക്കാരുകളും പിന്തുടർന്നു പോന്നിരുന്നു.. കേരളത്തിലെ ഭവന നിർമ്മാണ സാഹചര്യം ഇന്ത്യയിലെ മറ്റു സ്ഥലങ്ങളെ അപേക്ഷിച്ച് ബഹുദൂരം മുന്നിലാണെങ്കിലും എന്നാല് ഇപ്പോഴും കയറിക്കിടക്കാൻ വീടില്ലാത്ത നിരവധി കുടുംബങ്ങളെ കാണാൻ സാധിക്കും. ഇപ്പോള് പാർപ്പിടമില്ലായ്മ പ്രത്യേകിച്ച് ഭൂരഹിതരും ഗുണമേന്മയില്ലാത്ത പഴകിപ്പൊളിഞ്ഞ വീടുകളുള്ളവരുമായ സമൂഹത്തിന്റെ താഴേത്തട്ടിലുള്ളവരുടെ പ്രശ്നങ്ങളാണ് കേരളത്തിലെ ഭവന നിർമ്മാണ മേഖല അഭിമുഖീകരിക്കുന്നത്. കേരളസർക്കാരിൻറെ **സ്വപ്നപദ്ധതിയാ ലൈഫ് ഭവന പദ്ധതിക്കായി രണ്ട് കോടി രൂപയും വീട് വാസയോഗ്യമാക്കൽ പട്ടികജാതി വിഭാഗത്തിനായി – ₹ 6 ലക്ഷം രൂപയും , വീട് വാസയോഗ്യമാക്കൽ ജനറൽ വിഭാഗത്തിനായി ₹ 10 ലക്ഷം രൂപയും പാർപ്പിടമേഖലയിൽ** വകയിരുത്തും.

50. സ്ത്രീകൾക്ക് താഴ്ന്ന പദവിയും അധികാരവും നൽകുന്ന ലിംഗാധിഷ്ഠിത വിവേചനം, പുരുഷന്മാരുടെയും സ്ത്രീകളുടെയും

ബോധത്തിൽ ആഴത്തിൽ വേരൂന്നിയതാണ്, എന്നാൽ കുടുംബശ്രീ പ്രസ്ഥാനത്തിൻറെ വരവോടും അതിൻറെ സജീവതയോടുംകൂടി സ്ത്രീകൾ സമൂഹത്തിൻറെ എല്ലാമേഖലയിലും അവരുടെ സാന്നിദ്ധ്യമറിയിക്കാൻ സാധിച്ചിട്ടുണ്ട്. കേരളത്തിലെ വികസനനയങ്ങൾ ഒടുവിൽ ലിംഗസമത്വം ഉറപ്പുവരുത്തുകയും ചെയ്യുന്നു. ഇന്ന് നമ്മുടെ സമൂഹം നേരിടുന്ന ഏറ്റവും വലിയ വിഷയമാണ് തൊഴിലില്ലായ്മ. എന്നാൽ നമ്മുടെ മുന്നിലുള്ള ഒരു പ്രധാനപ്പെട്ട തൊഴിൽ സാധ്യതയാണ് കാറ്ററിംഗ് യൂണിറ്റ്. നമ്മുടെ സമൂഹത്തിലെ എല്ലാവിധ ആഘോഷങ്ങളിലും അനിവാര്യമായിത്തീർന്നു കൊണ്ടിരിക്കുന്ന **കാറ്ററിംഗ് യൂണിറ്റ്** വനിതകൾക്കായി രൂപീകരിക്കുന്നതിന് ധനസഹായമായി രണ്ടരലക്ഷം വകയിരുത്തുന്നതിനോടൊപ്പം മറ്റൊരു സാധ്യതയായ വനിതാ ഗ്രൂപ്പിന് ആരോഗ്യ കേന്ദ്രം സ്ഥാപിക്കുന്നതിന് വനിതാ ഗ്രൂപ്പിന് ധനസഹായമായി രണ്ടരലക്ഷം രൂപയും വകയിരുത്തുന്നു.

51. സ്ത്രീകളുടെ ആരോഗ്യ സംരക്ഷണത്തിനും വ്യായാമം ഉറപ്പാക്കുന്നതിനും **സ്ത്രീകൾക്ക് ഫിറ്റ്നെസ് സെന്റർ സ്ഥാപിക്കൽ** എന്ന പദ്ധതി കണ്ണൂർ ജില്ലാ പഞ്ചായത്ത് സഹകരണത്തോടെ നടപ്പിലാക്കും .

52. നമ്മൾ കേരളീയര് മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് വ്യക്തി ശുചിത്വത്തിൽ ഏറെ ശ്രദ്ധിക്കുന്നുണ്ടെങ്കിലും സാമൂഹ്യ ശുചിത്വത്തിന്റെ കാര്യത്തിൽ ഏറെ പിന്നിലാണ്. വഴിയരികിലും പൊതുസ്ഥലങ്ങളിലും കുന്നുകൂടുന്ന മാലിന്യങ്ങളുമായി നമുക്ക് എത്രകാലം മുന്നോട്ടു പോകുവാൻപറ്റും. ഇതുണ്ടാക്കുന്ന ആരോഗ്യപ്രശ്നങ്ങളും ഗുരുതരമാണ്. ജൈവ-അജൈവ മാലിന്യങ്ങൾ എങ്ങനെ കൈകാര്യം ചെയ്യണമെന്നുള്ളത് ഒരു ചോദ്യചിഹ്നമായി ഇപ്പോഴും അവശേഷിക്കുകയാണ്. ജനകീയ പങ്കാളിത്തത്തോടെ മാലിന്യ സംസ്കരണപ്രശ്നം കൈകാര്യം ചെയ്യാൻ വ്യക്തമായ ഒരു നയരൂപീകരണം നമുക്കാവശ്യമാണ്. ഈ അവസരത്തിൽ ഉറവിട മാലിന്യ സംസ്കരണം ഏറെ പ്രാധാന്യമർഹിക്കുന്നു. മാലിന്യ സംസ്കരണത്തിന് കഴിഞ്ഞതവണത്തെപ്പോലെ ഇത്തവണയും വലിയ പ്രാധാന്യത്തോടെയാണ് നാം കാണുന്നത്. ഗാർഹിക റിംഗ് കംപോസ്റ്റ് പദ്ധതിക്കായി പതിമൂന്ന് ലക്ഷത്തി

എൺപത്തിനാലായിരത്തി നാന്നൂറ്റി നാല്പത്തിയെട്ട് രൂപയും, ഗാർഹിക ശുചിമുറി നിർമ്മാണം പദ്ധതിക്കായി മൂന്ന് ലക്ഷത്തി അറുപതിനായിരം രൂപയും, ക്ലീൻ കേരള കമ്പനിക്ക് തുക കൈമാറൽ പദ്ധതിക്കായി അഞ്ച് ലക്ഷം രൂപയും, പാതയോരങ്ങളിൽ ബോട്ടിൽ ബൂത്ത് സ്ഥാപിക്കൽ പദ്ധതിക്കായി മൂന്ന് ലക്ഷം രൂപയും, ഗ്രാമപഞ്ചായത്ത് എം സി എഫ് അടിസ്ഥാന സൌകര്യ വികസനത്തിനായി അഞ്ച് ലക്ഷം രൂപയും, അഡൽട്ട് നാപ്കിൻ ഡിസ്ട്രോയർ സ്ഥാപിക്കൽ പദ്ധതിക്കായി രണ്ട് ലക്ഷം രൂപയും, ശുചിത്വവുമായി ബന്ധപ്പെട്ട ഐ ഇ സി ബോർഡുകളും ചുമർചിത്രങ്ങളും സ്ഥാപിക്കൽ പദ്ധതിക്കായി രണ്ട് ലക്ഷം രൂപയും വകയിരുത്തുന്നു.

53. പഞ്ചായത്തിൻറെ മുഖമെന്ന് പറയുന്നത് ഗതാഗതയോഗ്യമായ റോഡുകളും സുരക്ഷിതമുള്ള പാലങ്ങളും സൌകര്യപ്രദമായ കെട്ടിടങ്ങളുമാണ്. ഈവർഷവും ഇത്തരം ആവശ്യങ്ങളിലേക്കായി ഒരുകോടി 29 ലക്ഷത്തി 15ആയിരം (1,29,15,000)രൂപയും നിലവിലുള്ള റോഡുകളുടെ അറ്റകുറ്റപ്പണികള് ഉൾപ്പെടെയുള്ള ആസ്തിസംരക്ഷണത്തിനായി ഒരു കോടി 34 ലക്ഷത്തി ആയിരം രൂപയും വകയിരുത്തുന്നു.

54. നമ്മുടെ പഞ്ചായത്തിലെ എല്ലാ മേഖലയിലും വെളിച്ചം എത്തിക്കുക എന്നത് എല്ലായ്പ്പോഴും വലിയ പ്രാധാന്യത്തോടെയാണ് നാം കാണുന്നത്. അതുകൊണ്ടുതന്നെ ഇത്തവണയും പ്രധാനറോഡുകളിൽ തെരുവ് വിളക്ക് സ്ഥാപിക്കുന്നതിന് 7 ലക്ഷം രൂപ വകയിരുത്തുന്നു.

55. നാം ജീവിക്കുന്ന കാലഘട്ടത്തിൽ പ്രഭാതസവാരി നടത്തുന്ന ആൾക്കാരുടെ എണ്ണം വളരെ കൂടുതലാണ്. എന്നാൽ പ്രധാനറോഡുകളിലെല്ലാം വാഹനപ്പെരുപ്പം കാരണം സുരക്ഷിതമായി നടക്കാൻ പറ്റാത്ത സാഹചര്യമാണ്. ഇതിന് അനുയോജ്യമായ റോഡ് എന്ന രീതിയിൽ തെരുർ അമ്പലം റോഡ് വൈദ്യുതീകരിക്കുന്നതിനായി 8 ലക്ഷം രൂപ വകയിരുത്തുന്നു.

ബജറ്റ് സമ്മറി

കണക്കുകൾ സംഗ്രഹം

ബഹുമാന്യരേ,

യാഥാർത്ഥ്യബോധമുള്ളതും നിർവഹണ സാധ്യതവുമായ വികസന നിർദ്ദേശങ്ങളിലൂടെ സംസ്ഥാനത്തിന് മാതൃകയായ ഒട്ടേറെ പദ്ധതികൾ വിജയപഥത്തിലെത്തിക്കാൻ കഴിഞ്ഞ മൂന്ന് ബജറ്റിലും സാധിച്ചിട്ടുണ്ട്. കേന്ദ്ര സംസ്ഥാന സർക്കാറുകൾ ജില്ലയിൽ നടത്തുന്ന പ്രവർത്തനങ്ങൾ അവലോകനം ചെയ്ത് അവ പരമാവധി പ്രയോജനപ്പെടുത്തുന്നതിനും ജില്ലാ പദ്ധതിയിലെ പ്രരിപ്രേക്ഷ്യവും നിർദ്ദേശങ്ങളും പരിഗണിച്ച് കൊണ്ടാണ് ഈ ബജറ്റും തയ്യാറാക്കിയിരിക്കുന്നത് .

സുസ്ഥിരമായ വികസനകാഴ്ചപ്പാട് മുന്നോട്ട് വെച്ച് കൊണ്ട് നാം ഏറെ പ്രാധാന്യം കൊടുത്ത കാർഷിക കാർഷികേതര മേഖലയിൽ തുടർന്നു കൊണ്ടുപോകേണ്ട നിരവധി പദ്ധതികള് ഈ ബഡ്ജറ്റിലും ഉൾകൊള്ളിച്ചിട്ടുണ്ട് . ഏത് പ്രതിസന്ധിഘട്ടത്തിലും പ്രളയം പോലും കോവിഡ് പോലും നമുക്ക് അതിജീവിക്കാനായത് മാനവികത ഉയർത്തിപ്പിടിച്ച് കൊണ്ടുള്ള കേരളീയരുടെ ഐക്യത്തോടെയുള്ള പ്രവർത്തനങ്ങളുടെ ഫലമായാണ്. നവകേരള നിർമ്മിതിയിലും ഇത്തരം കൂട്ടായ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തണം .

നവോത്ഥാനം ഒരിടത്ത് തുടങ്ങി മറ്റൊരിടത്ത് അവസാനിക്കുന്ന ഒന്നല്ല . മറിച്ച് അതൊരു തുടർ പ്രക്രിയയാണ് . കാലത്തിൻറെ ചുവരെഴുത്തുകള് വായിച്ച്കൊണ്ടും ആശയാദർശ അടിത്തറയിൽ ഉറച്ച് നിന്നുകൊണ്ടും ജീവിതത്തെ നവീകരിച്ചു കൊണ്ടിരിക്കുക അതിനുള്ള പരിശ്രമമാണ് നമ്മുടെ ഭാഗത്തുനിന്നുമുണ്ടാകേണ്ടത് .

ഇരുണ്ട കാലഘട്ടത്തിൽ നിന്ന് നാം വെളിച്ചത്തിലേക്ക് മുന്നേറിയതും ഒറ്റകെട്ടായ ഒട്ടേറെ പോരാട്ടങ്ങളിലൂടെയാണ് .

നാം ജീവിക്കുന്ന ചുറ്റുപാടിന്റെ സംരക്ഷണവും പരിപാലനവും വളരെ പ്രാധാന്യം അർഹിക്കുന്നു. ജലത്തിനും ഭക്ഷണത്തിനും തൊഴിലിനും പ്രകൃതിയെ നേരിട്ട് ആശ്രയിക്കുന്നവർക്കാണ് പരിസ്ഥിതി നാശം സ്വന്തം പ്രത്യക്ഷാനുഭവമായി മാറുക. സംസ്കാരം ജനിക്കുന്നത് മണ്ണിൽ നിന്നും ഭൂമിയിൽ നിന്നുമാണ്. മലയാളത്തിന്റെ സംസ്കാരം പുഴയിൽ നിന്നും വയലേലകളിൽ നിന്നുമാണ് ജനിച്ചത് എന്നാൽ ഭൂമിയെ നാം മലിനമാക്കുന്നു. എല്ലാം വികസനത്തിന്റെ അടിസ്ഥാനമായ മണ്ണും ജലവും പരിസ്ഥിതിയും സംരക്ഷിക്കേണ്ടത് നാം ഓരോരുത്തരുടേയും ഉത്തരവാദിത്വവും കടമയുമാണെന്ന ബോധം ഓരോ മനുഷ്യൻറെയും മനസ്സിൽ ഉണ്ടാവണമെന്ന് ഏറെ സ്നേഹത്തോടെ അതിലേറെ ബഹുമാനത്തോടെ അഭ്യർത്ഥിക്കുന്നു.

“പാഴാവില്ലൊരു പ്രതീക്ഷകളും

സഫലമാവും സ്വപ്നങ്ങൾ മുന്നിലുണ്ട്

പ്രതിസന്ധികളെ മറികടക്കാം

പ്രയാസങ്ങൾ മാറ്റി വെക്കാം

മുന്നേറാം ഒരുമയോടെ

നമുക്കൊരുമിച്ച് ഒത്തൊരുമിച്ച്”

ഈ സന്ദേശം ഓർമിപ്പിച്ചുകൊണ്ട്

അതിജീവനം, വികസനം, നവോത്ഥാനം ഇതാവട്ടെ 2024-2025 വർഷത്തെ കീഴല്ലൂർ പഞ്ചായത്തിൻറെ ലക്ഷ്യം . ഈ ലക്ഷ്യത്തിൻറെ സാക്ഷാത്കാരത്തിനായി നമുക്ക് ഒരുമിച്ച് മുന്നേറാം എന്ന് അഭ്യർത്ഥിച്ച് കൊണ്ട് ഈ ബഡ്ജറ്റ് നിങ്ങൾക്ക് മുന്നിൽ സമർപ്പിക്കുന്നു .

ഏറെ സ്നേഹത്തോടെ

കെ. അനിൽകുമാർ

വൈസ് പ്രസിഡണ്ട്, കീഴല്ലൂർ ഗ്രാമപഞ്ചായത്ത്

# KEEZHALLUR GRAMA PANCHAYATH

## BUDGET FOR YEAR 2024-25

| | Particulars - ഇന വിവരം | | Actuals for the year 2022-23 യഥാർത്ഥ കണക്ക് 2022-23 | Revised Budget for the year 2023-24 പരിഷ്കരിച്ച ബജറ്റ് 2023-24 | Budget for the year 2024-25 ബജറ്റ് 2024-25 |
|---|---|---|---|---|---|
| A | Opening balance(net) - പ്രാരംഭ ബാക്കി | WS-1 | 62,175,195 | 70,172,773 | 14,127,480 |
| B | a) Tax revenue - നികുതി വരുമാനം | BS-1 | 15,606,649 | 16,400,000 | 17,500,000 |
| C | b) Non tax revenue - നികുതിയിതര വരുമാനം | BS-2 | 9,092,975 | 8,517,330 | 9,600,000 |
| D | Total Own Fund - ആകെ തനത് ഫണ്ട് | (B+C) | 24,699,624 | 24,917,330 | 27,100,000 |
| E | c) General Purpose Fund - ജനറൽ പർപ്പസ് ഫണ്ട് | BS-3 | 10,232,000 | 12,527,000 | 14,216,000 |
| F | Total -ആകെ | (D+E) | 34,931,624 | 37,444,330 | 41,316,000 |
| G | d) Other Grants(Plan) - മറ്റ് റവന്യു ഗ്രാന്റുകള് -പദ്ധതി ചെലവുകൾക്ക് | BS-4 | 85,468,614 | 135,022,826 | 73,468,699 |
| H | e) Other Grants(Non-Plan) - മറ്റ് റവന്യു ഗ്രാന്റുകള് -പദ്ധതിയേതര ചെലവുകൾക്ക് | BS-5 | 41,457,960 | 35,000,000 | 40,000,000 |
| I | Toal Revenue Income - ആകെ റവന്യു വരവുകൾ | (F+G+H) | 161,858,198 | 207,467,156 | 154,784,699 |
| J | Capital Income - Loans -മൂലധന വരവ്-വായ്പ വാങ്ങൽ | BS-6 | 0 | 0 | 10,000,000 |
| K | Capital Income other than loans - വായ്പ ഒഴികെ മൂലധന വരവുകൾ | BS-7 | 9,137,538 | 12,300,118 | 26,710,100 |
| L | Total Capital Income - ആകെ മൂലധന വരവുകൾ | (J+K) | 9,137,538 | 12,300,118 | 36,710,100 |
| M | Total Income - ആകെ വരവുകൾ | (I+L) | 170,995,736 | 219,767,274 | 191,494,799 |
| N | Total Income+Net opening balance - ആകെ വരവുകളും പ്രാരംഭ ബാക്കിയും | (M+A) | 233,170,931 | 289,940,047 | 205,622,279 |

| Particulars - ഇന വിവരം | | | Actuals for the year 2022-23 യഥാർത്ഥ കണക്ക് 2022-23 | Revised Budget for the year 2023-24 പരിഷ്കരിച്ച ബജറ്റ് 2023-24 | Budget for the year 2024-25 ബജറ്റ് 2024-25 |
|---|---|---|---|---|---|
| O | Revenue Expenditure-Statutory functions-റവന്യു ചെലവുകള് -അനിവാര്യ ചുമതലകൾക്ക് | BS-8 | 16,223,451 | 19,690,752 | 21,219,400 |
| P | Revenue Expenditure-Plan - റവന്യു ഗ്രാന്റിൽ നിന്നുള്ള പദ്ധതി ചെലവുകൾ | BS-9 | 73,982,152 | 163,175,889 | 107,912,377 |
| Q | Revenue Expenditure-Non-Plan - റവന്യു ഗ്രാന്റിൽ നിന്നുള്ള പദ്ധതിയേതര ചെലവുകൾ | BS-10 | 41,457,960 | 35,000,000 | 40,000,000 |
| R | Total Revenue Expenditure - ആകെ റവന്യു ചെലവുകൾ | (O+P+Q) | 131,663,563 | 217,866,641 | 169,131,777 |
| S | Capital Expenditure -Loan repayments - മൂലധന ചെലവുകള് -വായ്പ തിരിച്ചടവ് | BS-11 | 0 | 0 | 0 |
| T | Capital expenditure other than loan repayments - മറ്റ് മൂലധന ചെലവുകൾ | BS-12 | 31,334,595 | 57,945,926 | 32,915,000 |
| U | Total Capital Expenditure - ആകെ മൂലധന ചെലവുകൾ | (S+T) | 31,334,595 | 57,945,926 | 32,915,000 |
| V | Total Expenditure - ആകെ ചെലവുകൾ | (R+U) | 162,998,158 | 275,812,567 | 202,046,777 |
| W | Closing Balance - നീക്കി ബാക്കി | (N-V) | 70,172,773 | 14,127,480 | 3,575,502 |

# കീഴല്ലൂർ ഗ്രാമപഞ്ചായത്ത് 2024-25 ബജറ്റ് സംഗ്രഹം

| | | | |
|---|---|---|---|
| **1** | **പ്രാരംഭ ബാക്കി** | | **1,41,27,480** |
| | **പ്രതീക്ഷിത വരവുകൾ** | | |
| 2 | നികുതി വരുമാനം | ₹ | 1,75,00,000.00 |
| 3 | നികുതി ഇതര വരുമാനം | ₹ | 96,00,000.00 |
| 4 | ജനറൽ പർപ്പസ് ഫണ്ട് | ₹ | 1,42,16,000.00 |
| 5 | സാമൂഹ്യ സുരക്ഷാ പെൻഷൻ | ₹ | 4,00,00,000.00 |
| 6 | തൊഴിലുറപ്പ് പദ്ധതി | ₹ | 5,00,00,000.00 |
| 7 | ദുരിതാശ്വാസ നിധി | ₹ | 50,000.00 |
| | **ആകെ നികുതി ,നികുതിയേതരവരവുകൾ** | **₹** | **13,13,66,000.00** |
| | **പദ്ധതി വരവുകൾ** | | |
| 8 | വികസന ഫണ്ട് പൊതുവിഭാഗം | ₹ | 1,38,11,000.00 |
| 9 | പട്ടിക ജാതി വിഭാഗം | ₹ | 10,45,000.00 |
| 10 | മെയിന്റനൻസ് ഫണ്ട് റോഡ് | ₹ | 95,56,000.00 |
| 11 | മെയിന്റനൻസ് ഫണ്ട് റോഡ് ഇതരം | ₹ | 30,04,000.00 |
| 12 | കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് | ₹ | 58,17,000.00 |
| 13 | ബ്ലോക്ക് പഞ്ചായത്ത് വിഹിതം | ₹ | 19,70,000.00 |
| 14 | ജില്ലാ പഞ്ചായത്ത് വിഹിതം | ₹ | 44,70,000.00 |
| 15 | കേന്ദ്രാവിഷ്കൃത ഫണ്ട് | ₹ | 43,60,000.00 |
| 16 | സംസ്ഥാനാവിഷ്കൃത ഫണ്ട് | ₹ | 43,12,500.00 |
| 17 | ധനകാര്യ സ്ഥാപനങ്ങളിൽ നിന്നുള്ള വായ്പ | ₹ | 1,00,00,000.00 |
| 18 | മറ്റുള്ളവ(ഗുണഭോക്തൃവിഹിതം ) | ₹ | 17,83,299.00 |
| | ആകെ പദ്ധതി വരവുകൾ | **₹** | **6,01,28,799.00** |

**ആകെ വരവുകളും പ്രാരംഭ ബാക്കിയും ₹ 20,56,22,279.00**

| | | | |
|---|---|---|---|
| | **പ്രതീക്ഷിത ചെലവുകൾ** | | |
| 1 | എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾ(ശമ്പളം,ഹോണറേറിയം മുതലായവ | ₹ | 1,58,05,000.00 |
| 2 | ഭരണ ചെലവുകൾ(ഓഫീസ് ചെലവുകൾ,വാർത്താവിനിമയ ചെലവുകൾ മുതലായവ | ₹ | 22,18,400.00 |
| 3 | അനിവാര്യ ചെലവുകൾ (ഡീസൽ ചാർജ്,വൈദ്യുതി ചാർജ് ,വെള്ളക്കരം | ₹ | 31,96,000.00 |
| 4 | സാമൂഹ്യ സുരക്ഷ പെൻഷൻ | ₹ | 4,00,00,000.00 |
| 5 | തൊഴിലുറപ്പ് പദ്ധതി -റവന്യു ചെലവുകൾ | ₹ | 3,00,00,000.00 |
| 6 | **ജനകീയാസൂത്രണ പദ്ധതി -ഉൽപ്പാദന മേഖല** | | |

| | | | |
|---|---|---|---|
| | ജനകീയാസൂത്രണ പദ്ധതി -ഉൽപ്പാദന മേഖല-കൃഷിക്കും അനുബന്ധ മേഖലകൾക്കും മൃഗസംരക്ഷണം-പശുക്കൾക്ക് കാലിത്തീറ്റ ,ആട് വളർത്തൽ,മുട്ടക്കോഴി വളർത്തൽ,കാട വളർത്തൽ, ഇറച്ചിക്കോഴി, ക്ഷീരവികസനം , സേവന സംരംഭങ്ങൾ മുതലായവയ്ക്ക് | ₹ | 72,42,700.00 |
| 7 | **ജനകീയാസൂത്രണ പദ്ധതി-സേവന മേഖല** | | |
| | ആരോഗ്യം,വിദ്യാഭ്യാസം,ശുചിത്വം ,മാലിന്യസംസ്ക്കരണം, കുടിവെള്ളം ,ഭവന നിർമ്മാണം, മറ്റ് സാമൂഹ്യ സുരക്ഷിതത്വ പരിപാടി മുതലായവയ്ക്ക് | ₹ | 3,74,36,288.00 |
| 8 | **ജനകീയാസൂത്രണ പദ്ധതി-പശ്ചാത്തല മേഖല** | | |
| | വിവിധ റോഡുകളുടെ മെയിന്റനൻസ് ഉൾപ്പടെയുള്ള ആസ്തി സംരക്ഷണ പദ്ധതിക്ക് | ₹ | 1,34,01,000.00 |
| | മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി- സാമൂഹ്യ ആസ്തി സൃഷ്ടിക്കൽ -റോഡുകൾ,കുളങ്ങൾ,തോടുകൾ | ₹ | 2,00,00,000.00 |
| | ജനകീയാസൂത്രണ പദ്ധതി-വിവിധ റോഡുകളുടെ ടാറിംഗ്,പൊതുകെട്ടിടങ്ങൾ,പാലങ്ങൾ ,ഉൾപ്പടെയുള്ളവയ്ക്ക് | ₹ | 1,29,15,000.00 |
| 9 | **ജനകീയാസൂത്രണ പദ്ധതി--മേഖലാ വിഭജനത്തിൽ ഉൾപ്പെടാത്ത അനിവാര്യ പദ്ധതികൾക്ക്** | | |
| | അംഗൻവാടി അനുപൂരക പോഷകാഹാരം, എസ്.എസ്.കെ പദ്ധതി,ഐ.കെ.എം ന് വിഹിതം നൽകൽ ഉൾപ്പടെ അനിവാര്യ പദ്ധതികൾക്ക് | ₹ | 53,67,600.00 |
| 10 | **തനത് വരുമാനം പദ്ധതി ചെലവുകൾക്ക്** | | |
| | തനത് ഫണ്ടിൽ നിന്നും പദ്ധതി - വിവിധ റവന്യൂചെലവുകൾക്ക് | ₹ | 80,88,039.00 |
| | തനത് ഫണ്ടിൽ നിന്നും പദ്ധതി -വിവിധ മൂലധന ചെലവുകൾക്ക് | ₹ | 63,76,750.00 |
| | ആകെ ചെലവുകൾ | **₹** | **20,20,46,777.00** |

| സംഗ്രഹം | | തുക |
|---|---|---|
| **പ്രാരംഭ ബാക്കി** | **₹** | **1,41,27,480.00** |
| ബജറ്റ് വർഷത്തെ വരവുകൾ | **₹** | **19,14,94,799.00** |

| | |
|---|---|
| ആകെ വരവ് | ₹ 20,56,22,279.00 |
| ആകെ ചെലവുകൾ | ₹ 20,20,46,777.00 |
| നീക്കി ബാക്കി | ₹ 35,75,502.00 |